# കർമ്മെല കുസുമം.

പുസ്തകം ൨൨. } ൧൯൨൯ സെപ്റ്റംബർ. { ലക്കം ൯.


## വ്യാകുല കീർത്തനം.

(കാരുണ്യമാതാവേ! എന്ന മട്ട്.)

സ്വസ്തി മറിയമേ! ദുഃഖസംപൂർണ്ണയേ!
ക്രൂശിതനേത്തനിങ്കൽ—ദുഃഖ—
കാരി നീ സ്ത്രീകളിൽ - നിന്നുദരഫല—
മീശോയും ശോകാംബുധി. 1.

ശുദ്ധ മറിയമേ! ക്രൂശിതമാതാവേ!
ഇപ്പോഴും മൃത്യുവിലും — നിന്റെ
പുത്രനേ ക്രൂശിച്ച— ഞങ്ങൾക്കു കണ്ണീരു
നീ തരുവിക്കണമേ! 2.

ക. നി. മൃ. സ. മാണിക്കത്തനാർ.

## പ്രസാധകക്കുറിപ്പുകൾ

### കന്നിമാസം

ലോകത്തിന്റെ ഏതുഭാഗത്തു നോക്കിയാലും എല്ലാത്തരത്തിലുള്ള ജനങ്ങളും ഓരോവിധത്തിലുള്ള വ്യാകുലതകൾ നിരന്തരം അനുഭവിച്ചു വരുന്നതായികാണാം. കണ്ണുനീരിന്റെ സ്ഥലമായ ഈ പരദേശത്തിൽ മനുഷ്യൻ എത്രതന്നെ ശ്രമിച്ചാലും ഇതിൽനിന്ന് ഒഴിയുന്നതിനു് സാധിക്കുന്നതല്ല. ഉപയോഗപ്രദമായ വിധത്തിൽ ക്ഷമാപൂർവ്വം ഇതുകളെ സഹിക്കുന്നതിനുള്ള വല്ല മാർഗ്ഗവും ഉണ്ടോ എന്നു നോക്കിക്കൊണ്ടാൽ മാത്രം മതി. ഇതാ ഇപ്രകാരമുള്ള ഒരു മാർഗ്ഗമാണു കന്നിമാസത്തിൽ നമ്മുടെ പ്രത്യേകശ്രദ്ധയ്ക്കു് തിരുസഭ വിഷയീഭവിപ്പിച്ചുതരുന്ന വ്യാകുലമാതാവിന്റെ ഭക്തി. ദൈവജനനിയേക്കാൾ ദൈവം സ്നേഹിച്ചിട്ടുള്ള ഒരു സൃഷ്ടി ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകുമില്ല. എന്നാൽ ആ കറയററ പരിശുദ്ധ മാതാവിനേപ്പോലെ വ്യാകുലതകൾ അനുഭവിച്ചിട്ടുള്ള ഒരു സൃഷ്ടിയും ഉണ്ടായിട്ടില്ല. ഇതാണു ദൈവ പരിപാലനയുടെ സംപ്രദായം. അതുകയാൽ ഈ അമ്മയുടെ വ്യാകുലതകളെ ഓർത്തു ധ്യാനിക്കുന്നതു നമുക്കു് അത്യന്തം ആശ്വാസപ്രദമായിരിക്കുന്നതുപോലെ തന്നെ നമ്മുടെ മാതാവിനു് ഏററം പ്രസാദകരവുമായിരിക്കുന്നു.

### ലെയോളാ കോളേജ്.

മദ്രാസ് സർവ്വകലാശാലയുടെ പരിഷ്കൃതനിയമങ്ങൾ നടപ്പിൽ വരുന്നതോടുകൂടെ മദ്രാസിനുപുറത്തുള്ള കോളേജുകളെല്ലാം കോളേജുകൾ എന്ന പേരിനുപോലും അർഹിക്കാത്ത നിലയിലായിത്തീരുന്നതാണു്. ഇതിനാലാണു് കത്തോലിക്കർ തനതായി ഇതേ

വരെ മദ്രാസിൽ ഒരു കോളെജില്ലെന്നുള്ള അനഭിലഷണീയമായ ന്യൂനതയെ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ത്വരിതഗതിയിൽ ആരംഭിച്ചിരിക്കുന്നതു്. ത്രിശ്ശിനാപ്പള്ളി സെൻറു ജോസഫ്സ് കോളജിലെ ഈശോസഭാവൈദികന്മാരാണ് ഈ ഉദ്യമത്തിന്നു മുന്നിട്ടിറങ്ങിയിരിക്കുന്നതെന്നു കാണുമ്പോൾ ദക്ഷിണഭാരതത്തിലെ കത്തോലിക്ക യുവാക്കന്മാക്കു ഈ സ്ഥാപനം നിമിത്തം ഉണ്ടാകാനിരിക്കുന്ന നിരവധി നന്മകൾ ഏവക്കും ഊഹഗോചരമാണ്. എന്നാൽ ൫ലക്ഷം ക. ആണ് ഇപ്പോളിതിലേക്കടങ്കൽ കണ്ടിരിക്കുന്നതു്. അതിൽ പന്തീരായിരത്തിൽ ചിലവാനംമാത്രമേ ഇതേവരെ പിരിഞ്ഞുകിട്ടിയിട്ടുള്ളു. അടുത്ത ജൂലായി മാസത്തിൽ കോളജ് തുറക്കേണ്ടതുമാകുന്നു. ഇതുകളെല്ലാം ഗാഢമായി ആലോചിച്ചു്, കേരളീയകത്തോലിക്കരും വിശിഷ്യ ത്രിശ്ശിനാപ്പള്ളിൽനിന്നു പഠിച്ചുപോന്നിട്ടുള്ളവരും, ഈവിഷയത്തിലുള്ള തങ്ങളുടെ ചുമതല വിസ്മരിക്കയില്ലെന്നു ഞങ്ങൾ പൂണ്ണമായി വിശ്വസിക്കുന്നു.

ദിവ്യകാരുണ്യമഹാജനസഭ.

സമസ്ത ലോക ദിവ്യകാരുണ്യ മഹാസഭയുടെ ഇരുപത്തേഴാമത്തെ യോഗം ഇക്കഴിഞ്ഞ ജൂലൈ 22-ാംനു- മുതൽ ആറു ദിവസത്തേയ്ക്കു ഒരു പ്രോട്ടസ്റ്റൻറു രാജ്യമായി അറിയപ്പെട്ടുവന്ന ഹോളണ്ടിൻെറ തലസ്ഥാനമായ ആംസ്റ്റർഡാം പട്ടണത്തിൽവച്ചു് പരിശുദ്ധ പിതാവിൻെറ പ്രതിപുരുഷനായി നിയുക്തനായിരുന്ന മഹോന്നത ദിവ്യശ്രീ കർദ്ദിനാൾ വാൻറോസം തിരുമനസ്സിലേയും, വേറെ പത്തു കർദ്ദിനാളന്മാരുടേയും, നാല്പതിൽപ്പരം വൈദികാദ്ധ്യക്ഷന്മാരുടെയും സാന്നിദ്ധ്യത്തിൽ അത്യാഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു. ഈ ആഴ്ചയിൽ ഇവിടെ കിട്ടിയിട്ടുള്ള ഇംഗ്ലീഷ് പത്രങ്ങളിൽ നിന്നു മാത്രമേ ഇതിൻെറ കൂടുതൽ വിവരങ്ങൾ അറിവാൻ ഇടയായിട്ടുള്ളു. അവ അത്യന്തം ചാരിതാർത്ഥ്യജനകമെന്നേ പറയേണ്ടിയിരിക്കുന്നു. തത്സംബന്ധമായ ഒരു സംക്ഷേപ വിവരണം സ്ഥലച്ചുരുക്കത്താൽ അടുത്ത ലക്കത്തിലേക്കു നീക്കിവയ്ക്കേണ്ടിവന്നിരിക്കുന്നു.

തിരുവിതാംകൂർ മഹാരാജാവു്.

നാടുനീങ്ങിയ ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ അനന്തരാവകാശിയായ ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു ഈ മാസം 1-ാംനു- തിങ്കളാഴ്ച ആഘോഷപൂർവ്വം സ്ഥാനാരോഹണം ചെയ്യുന്ന വിവരം സന്തോഷപുരസ്സരം അറിയിച്ചുകൊള്ളുന്നു. തിരുമനസ്സിലേക്കു് ഇനിയും 12 വയസ്സുമാത്രം ആയിട്ടുള്ളതിനാൽ പ്രായപൂർത്തിയാകുന്നതുവരെ ആററുങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു് റീജൻറായി രാജ്യകാര്യങ്ങൾ നടത്തുന്നതാണ്. മഹാറാണി തിരുമനസ്സിലെ ദൈവഭക്തിയും, കാര്യനിർവ്വഹണപ്രവണതയും, ദീനദയാലുതവും, ശാസ്ത്രവൈശാരദ്യവും ഇതിനിടകൊണ്ടു നാട്ടിലെങ്ങും പാട്ടായിത്തീന്നിട്ടുണ്ടു്. അവിടത്തെ ഭരണം സർവ്വഥാ ക്ഷേമദായകമായി ഭവിക്കുന്നതിനു് നമുക്കു സർവ്വാത്മനാ സർവ്വേശ്വരനെ പ്രാത്ഥിക്കാം.

മാർപ്പാപ്പായുടെ തിരുവെഴുത്തു്.

മലങ്കര സുറിയാനി ഹയരാർക്കി സ്ഥാപനം സംബന്ധിച്ചുള്ള പരിശുദ്ധ പിതാവു് പതിനൊന്നാംപീയൂസു് മാർപ്പാപ്പാ തിരുമനസ്സിലെ തിരുവെഴുത്താണ് ഇത്തവണത്തെ മാസികയിൽചേർത്തിട്ടുള്ള ലത്തീൻലേഖനം. ഇതിൻെറ ഔദ്യോഗികമായ മലയാള പരിഭാഷ ഇതേവരേ വെളിക്കു വന്നിട്ടുള്ളതായി അറിയുന്നില്ല. കേരളീയ സഭയുടെ അപ്പസ്തോലിക സ്ഥാപനത്തേയും, പുരാതന ചരിത്രത്തേയും പററി സംക്ഷേപമായി പ്രതിപാദിച്ചശേഷം ഏതദ്ദേശീയഭരണത്തിൽ ഉണ്ടായിട്ടുള്ള അഭൂതപൂർവ്വമായ അഭിവൃദ്ധിയേക്കുറിച്ചു് അസൂയാർഹമായ വിധത്തിൽ അതിൽ വണ്ണിച്ചിട്ടുണ്ടു്. ദൈവജനനിയുടെ നേക്കു കേരളീയകത്തോലിക്കക്കുള്ള അനന്യാദൃശഭക്തിയും, പരിശുദ്ധ സിംഹാസനത്തോടുള്ള സ്നേഹബഹുമാനാദരങ്ങളും പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്.

# ACTA PII PP. XI.

## CONSTITUTIONES APOSTOLICAE.

### ERNACULAMEN.

### De Ecclesiastica Hierarchia Ritus Syro-Malabarici Constituenda

**PIUS EPISCOPUS**

SERVUS SERVORUM DEI

**AD PERPETUAM REI MEMORIAM.**

Romani Pontifices qui si rigide sane ac severe fidei et morum integritatem omni tempore defenderunt libenter contra permiserunt, ut singulae Ecclesiae suos ritus suamque servarent liturgiam, Orientales Ecclesias praecipuo amore semper dilexerunt.

Huiusmodi Praedecessorum Nostrorum dilectionem, non minus quam aliae, etiam Ecclesia Syro-Malabarica experta est, quippequae plurima ab Apostolica Sede acceperit beneficia.

Iure equidem. Nam Ecclesia illa nobilem inter Orientales obtinet locum, quum originem ducat ex antiquissimis christianis communitatibus, quae a Thoma Apostolo lucem Evangelii receperunt. Apostolus enim ille, ut vetera literarum monumenta testantur, Christo in caelos recepto, in regionibus Indiae finitimis Evangelium praedicavit, ac demum in paeninsulam ultra Indum migravit ibique–ut fel. rec. Leo Papa decimus, tertius, sapientissimus Praedecessor Noster, in suis Apostolicis sub plumbo litteris *Humanae salutis auctor*, kalendis septembris anni Domini millesimi octingentesimi octogesimi sexti Romae datis, refert– "difficillima peregrinatione suscepta, gravissimis exantlatis laboribus, primus eas gentes christianae veritatis luce collustravit, redditoque summo animarum Pastori sanguinis sui testimonio, ad sempiterna in caelis praemia evocatus est".

Apostoli vero memoria, etiam post eius gloriosam mortem, in India permansit. Qua de re idem Praedecessor Noster in praefatis litteris scribit: "Exinde Apostolum praeclare de ea regione meritum colere India non omnino intermisit; in vetustissimis libris liturgicarum precum aliisque illarum Ecclesiarum monumentis Thomae nomen et laudes celebrari consueverunt, atque, insequentibus saeculis, post ipsam errorum luctuosam propagationem, nequaquam est eius deleta memoria; itemque fides, quam ille disseminaverat, tametsi intermortua iacuit, non tamen exstincta funditus esse visa est".

Thomæ prædicationis et martyrii fama regioni Syro-Malabaricæ præcipue inhæsit. Christifideles enim illam regionem incolentes "Christiani divi Thomæ" semper appellati sunt, qua denominatione ipsi tantum in India— quod notatu dignum est —insigniti fuerunt, atque penes illos multa exstant pervetusta templa eidem Apostolo dicata, et plurimi inveniuntur qui *Thomae* nomen filiis in baptismate imponunt.

Malabarenses itaque, quamquam, et propter temporum adiuncta et propter ingens locorum intervallum, quod difficillima cum orbe occidentali commercia reddebat per tot sæcula, ab Apostolica Sede seiuncti, numquam tamen christianam fidem omnino amiserunt.

Ex quo evenit ut primi Missionarii, qui sæculo decimo sexto in Indiam appulerunt, in incolis regionis Malabaricae, qui fidem christianam, licet languescentem, servabant, "bonam terram" invenerint, ad recipiendum verbum Dei, quod ipsi serebant, valde aptam.

Deo autem propitio, et primi illi Missionarii, et alii qui, eorum vestigia insequentes, in eamdem regionem postea migravere, exoptatum fructum ex suis laboribus consecuti sunt.

In dies enim crevit numerus christianorum Syro-Malabarensium, qui doctrinam catholicam et cum Sede Romana communionem amplexati sunt.

Temporum autem progressu talia suae fidei et erga Petri Cathedram devotionis christiani illi exhibuerunt testimonia, ut fel. rec. Leo Papa decimus tertius Praedecessor Noster, anno millesimo octingentesimo octogesimo septimo, catholicorum ritus Syro-Malabarici peculiari curae prospiciens, ac "ut eorum fidem, obedien-

tiam et devotionem erga Apostolicam Sedem aliquo modo remuneraret, utque penes ipsos vera Christi Ecclesia maiora in dies incrementa susciperet", per Breve *Quod iam pridem*, die vigesima mensis maii datum, rituali separatione catholicorum Syro-Malabarensium a Latinis peracta, ipsos ab Ecclesia Verapolitana, cui addicti erant, seiunxit, et duos pro illis vicariatus apostolicos constituit, committendos Episcopis Latini ritus qui vero sibi Vicarium generalem Syro-Malabarensem assumerent, ac alios quatuor ecclesiasticos viros eiusdem gentis et ritus, quorum consilio in omnibus ecclesiasticis negotiis uterentur.

Tunc itaque, per territorialem divisionem a flumine *Aluvay* ductam, duo vicariatus apostolici constituti sunt pro Syro-Malabarensibus, septentrionalis unus, cum ordinaria residentia in urbe *Trichur*, a qua vicariatus ipse *Trichuriensis* appellatus est, meridionalis alter, cum ordinaria residentia in urbe *Kottayam*, a qua vicariatus propriam denominationem, *Kottayamensem* nempe, tulit.

Anno vero millesimo octingentesimo nonagesimo sexto idem Praedecessor Noster Leo Papa decimus tertius, attentis locorum temporumque adiunctis, "ad novum benevolentiae argumentum erga Syro-Malabarensem Ecclesiam exhibendum, et ad spirituali emolumento fidelium illarum regionum consulendum", per Breve *Quae rei sacrae* die decima octava mensis iulii datum, nova inita totius regionis circumscriptione, tres pro Syro-Malabarensibus vicariatus apostolicos, Sanctae Sedi immediate subiectos, constituit, videlicet *Trichuriensem*, *Ernaculamensem* et *Changanacherensem*, quorum territorium eatenus patere voluit, quatenus patebat duplex prior vicariatus, Trichurensis nempe et Kottayamensis. Singulorum autem novorum vicariatuum limites per idem Breve accurate definivit. Quod autem notatu dignum est, quia ecclesiasticae hierarchiae Praesuilbus eiusdem gentis et ritus concreditae signat initium, idem Summus Pontifex tribus, quos supra diximus, novis apostolicis vicariatibus tres Antistites, ex ipso Syro-Malabarico populo rituque delectos, praeficiendos censuit et curavit.

Anno autem millesimo nongentesimo decimo primo, fel. rec. Pius Papa decimus, Praedecessor Noster, preces a tribus Vicariis Apostolicis Syro-Malabarensibus Apostolicae Sedi oblatas benigne excipiens, re mature perpensa, per Breve *In universi christiani*, die vigesima nona mensis augusti eiusdem anni datum, a duplici vicariatu apostolico Ernaculamensi et Changanacherensi omnes paroecias et ecclesias, Suddisticae, quam vocant, genti pertinentes, dismembravit, easque in novum apostolicum vicariatum, cum residentia in urbe *Kottayam*, ac propterea *Kottayamensem* nuncupandum, constituit. Exinde Ecclesiae Malabaricae, qui adhuc permanet, status, initium habuit, divisio nempe illius christianitatis in quatuor vicariatus apostolicos, *Trichurensem* videlicet, *Ernaculamensem*, *Changanacherensem* et *Kottayamensem*.

A die autem, qua fideles Syro-Malabarici proprii ritus et nationis obtinuerunt Antistites, omnimode salutares fecerunt progressus. Non solum enim penes ipsos crevit numerus religiosarum vocationum, valdeque est auctus numerus conversionum, sed et magnum habuere incrementum religiosa instituta, utpote catechumenatus, scholae, religiosae domus, ecclesiae et oratoria, unde luculenter patet quam sedulo ac prudenter gregem sibi commissum Praesules nationis Syro-Malabarensis regant. Concors itaque fuit hoc tempore Apostolicorum in India Orientali Delegatorum sententia, christianas communitates Syro-Malabaricas longe inter meliores Indiae universae censendas esse.

Aequum igitur ac rectum existimandum est quod fideles, sacerdotes et maxime Antistites ritus Syro-Malabarici saepe ab Apostolica Sede flagitarunt, ut, nempe, Ecclesiae illi concederetur perfecta et stabilis constitutio ecclesiastica, cuis tanta vis est ad tutandam vitae christianae disciplinam salutemque populis pariendam.

Quapropter Nos, prae oculis habentes egregiam apud Syro-Malabarenses rei catholicae temperationem eorumque vere consentaneos christianae professioni mores, singularem erga Beatissimam Virginem Mariam pietatem atque in clerum, in Episcopos, praecipueque in hanc Apostolicam Sedem summam observantiam; praehabita sententia dilectorum filiorum Nostrorum S. R. E. Cardinalium Sacrae Congregationi pro Ecclesia Orientali praepositorum, qui unanimiter censuerunt ad ecclesiasticae hierarchiae ritus Syro-Mala-

barici constitutionem tandem deveniendum esse, oblatis precibus annuendum statuimus.

Suppleto igitur, quatenus opus sit, quorum intersit vel sua interesse praesumant, consensu, Apostolicae potestatis plenitudine, quatuor vicariatus apostolicos Syro-Malabarenses, in totidem sedes residentiales constituimus, quarum unam, *Ernaculamensem* videlicet, ad Ecclesiae Metropolitanae gradum et dignitatem evehimus et extollimus, ipsi propterea concedentes, eiusque pro tempore Archiepiscopis, omnia et singula iura, privilegia, honores et praerogativas, quae ipsis pertinent ex iure communi, et iuxta legitimas praescriptiones et legitimas consuetudines Ecclesiae Syro-Malabaricae, imprimis vero facultatem pro Archiepiscopis Pallio iuxta liturgicas leges utendi, in sacro Consistorio tamen antea postulando.

Tres alias sedes, *Changanacherensem* videlicet, *Trichuriensem* et *Kottayamensem* ad Ecclesiarum Cathedralium gradum et dignitatem pariter evehimus, ipsisque propterea, earumque pro tempore Episcopis, tribuentes iura, privilegia, honores et praerogativas, quae eisdem competunt ex iure communi et iuxta praescriptiones et legitimas consuetudines Ecclesiae Syro-Malabaricae. Quas cathedrales Ecclesias, earumque pro tempore Episcopos, suffraganeas constituimus metropolitanae Ecclesiae Ernaculamensi.

Limites tum archidioecesis Ernaculamensis, tum dioecesium Changanacherensis, Trichuriensis et Kottayamensis, iidem erunt ac limites qui hucusque singulis vicariatibus apostolicis, in sedes residentiales modo evectis, proprii erant.

Ad clericorum et fidelium iura et onera quod attinet, ac tum archidioecesis, tum dioecesium, sede vacante, regimen, aliaque huiusmodi, servanda iubemus quae sacri canones et legitimae consuetudines Ecclesiae Syro-Malabaricae statuunt ac praescribunt.

Tum Archiepiscopi Ernaculamensis, tum Episcoporum Changanacherensis, Trichuriensis et Kottayamensis cura erit aptiorem ecclesiam in urbibus *Ernaculam*, *Changanacherry*, *Trichur* et *Kottayam* eligere, in qua sedes et cathedra, sive archiepiscopalis, sive episcopalis, sit constituenda. Quas proinde ecclesias Nos, ex nunc, ad gradum et dignitatem sive Metropolitanae sive Cathedralium extollimus; simulque iubemus eas ecclesias, si parochiales fuerint, eamdem etiam in posterum parochialitatem servare.

Praesentes autem Litteras et in eis contenta quaecumque, etiam ex eo quod quilibet, quorum interest, vel sua interesse praesumant, auditi non fuerint, vel praemissis non consenserint, etiam si expressa, specifica et individua mentione digni sint, nullo unquam tempore de subreptionis, vel obreptionis, aut nullitatis vitio, seu intentionis Nostrae, vel quolibet alio, licet substantiali et inexcogitato defectu notari, impugnari vel in controversiam vocari posse, sed eas, tamquam ex certa scientia ac potestatis plenitudine factas et emanatas, perpetuo validas exsistere et fore, suosque plenarios et integros effectus sortiri et obtinere, atque ab omnibus ad quos spectat inviolabiliter observari debere, et si secus super his a quocumque, quacumque auctoritate, scienter vel ignoranter contigerit attentari, irritum prorsus et inane esse et fore volumus ac decernimus.

Hisce itaque, ut supra, constitutis, ad eadem omnia exsequenda deputamus Nostrum in India Orientali Apostolicum Delegatum, ei propterea tribuentes necessarias et opportunas facultates, etiam subdelegandi ad effectum de quo agitur, alium virum, in officio vel ecclesiastica dignitate constitutum, ac definitive sententiam dicendi de quavis difficultate vel oppositione in exsecutionis actu oritura, facto insuper eidem onere ad Sacram Congregationem pro Ecclesia Orientali, infra sex menses a praesentibus Litteris datis, authenticum exemplar mittendi peractae exsecutionis huius Nostri mandati.

Volumus denique ut harum Litterarum transumptis, etiam impressis, manu tamen alicuius Notarii publici subscriptis et sigillo alicuius viri in ecclesiastica dignitate constituti munitis, eadem prorsus tribuatur fides, quae hisce Litteris tribueretur, si originaliter exhibitae vel ostensae forent.

Non obstantibus, quatenus opus sit, regulis in synodalibus, provincialibus, generalibus universalibusque Conciliis editis, specialibus vel generalibus constitutionibus et ordinationibus Apostolicis, et quibusvis aliis Romanorum Pontificum praedecessorum Nostrorum dispositionibus, ceterisque contrariis quibuscumque.

Nemini ergo quae hisce Litteris Nostris erectionis, evectionis, statuti, mandati, derogationis et voluntatis Nostrae decreta sunt, infringere, vel iis contraire liceat.

Si quis autem, ausu temerario, hoc attentare praesumpserit, in indignationem omnipotentis Dei ac beatorum Petri et Pauli Apostolorum Eius sciat se incursurum.

Datum Romae apud Sanctum Petrum, anno Domini millesimo nongentesimo vigesimo tertio, die vigesima prima mensis decembris, Pontificatus Nostri anno secundo

O. CARD. CAGIANO.

*S. R. E Cancellarius,*

I. CARD. TACCI,

*S. Congreg. pro Ecclesia Orientali a Secretis.*

Raphael Virili, *Protonotarius Apostolicus.*

Humbertus Benigni, *Protonotarius Apostolicus.*

Loco ✠ plumbi.

Reg. in Canc. Ap. vol. XXIX. n. 49.

## കത്തോലിക്കാ സഭ.

(ധർമ്മോപദേശിക)

കത്തോലിക്കാസഭയെ ലോകത്തിൽനിന്നും എടുത്തുനീക്കുക. പിന്നെ ക്രൈസ്തവലോകത്തിൽ എന്തു ശേഷിക്കും? ഗ്രീക്കൊ അംഗ്ലേയമോ ആയ വിഭാഗങ്ങൾ പന്തെക്കുസ്താ ദിവസത്തെ പ്രതിനിധീകരിക്കുമോ? ക്രൈസ്തവലോകത്തിന്റെ ഐക്യത്തിൽനിന്നും അവർ വിട്ടുപോയ കാലം ചരിത്രത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അവർ നമ്മോടുകൂടിയിരുന്നപ്പോൾ അവർ നമ്മോടുകൂടിയുള്ള സാക്ഷികളായിരുന്നു. അവർ നമ്മിലുള്ളവരല്ലാതെ വേർപെട്ടപ്പോൾ അവരുടെ സാക്ഷ്യത്തിന്റെ സ്വരം മാറുകയും അവരുടെ സാക്ഷ്യങ്ങൾ തമ്മിൽ ചേരാതിരിക്കുകയും ചെയ്യുന്നു.

ലോകത്തിൽ നിന്നും കത്തോലിക്കാ റോമാസഭയെ എടുത്തുകളഞ്ഞാൽ ആ ഒഴിവിനേ പൂരിപ്പിക്കുവാൻ കഴിയുന്നതല്ല. എല്ലാ മതഭേദങ്ങളുടേയും പാഷണ്ഡമാർഗ്ഗങ്ങളുടേയും അവിശ്വാസങ്ങളുടേയും തള്ളൽ ആ ഒഴിവിനെ പൂരിപ്പിക്കുന്നതല്ല. മുമ്പിൽ ക്രമം പ്രബലപ്പെട്ടിരുന്ന ദിക്കിൽ സങ്കീർണ്ണതയും പരസ്പരവിരുദ്ധതയിൽനിന്നും ജനിക്കുന്ന അനിശ്ചയവും വീണ്ടും വന്നുകൂടും. പ്രേഷിതന്മാരിൽനിന്നും പരമ്പരയായി വന്നിട്ടുള്ള സത്യത്തിന്റെ അവതാരമൊ, പന്തെക്കുസ്തായുടെ ദിവസത്തിന്റെ സുസ്ഥിരമായ പ്രകാശമൊ ഉണ്ടായിരിക്കയില്ല. എന്നുമാത്രമല്ല യേശുക്രിസ്തു ലോകത്തിലേക്കു വന്നുവെന്നുള്ളതുതന്നെ നമുക്കറിയുവാൻ കഴിയുന്നതെങ്ങനെ?

കത്തോലിക്കാ റോമാസഭയെ വീണ്ടും ക്രൈസ്തവലോകത്തിലേക്കു വെക്കുക. ഉടനെ സകല വർഗ്ഗങ്ങളുടേയും സഭ അതിന്റെ നിജചരിത്രമായിത്തീരുന്നു. അതിന്റെ ജീവനുള്ള ഐതിഹ്യം അഭിന്നമാകുന്നു. അതിന്നു അതിന്റെ തനതു ചരിത്രമുണ്ടാകുകയും അതിന്റെ അർത്ഥം അതറിയുകയും ചെയ്യുന്നു. അതിന്നു അതിന്റെ സ്വന്തലേഖകൾ ഉണ്ടു്. അതു അവയുടെ അർത്ഥം ഗ്രഹിക്കുന്നു. അതിന്നു അതിപ്രാചീനമായ അതിന്റെ ആചാരങ്ങളും സമ്പ്രദായങ്ങളും വ്യാഖ്യാനങ്ങളുമുണ്ടു്. അതു അവയുടെ ഉത്ഭവവും അർത്ഥവും ഗ്രഹിച്ചിരിക്കുന്നു. അതിനെ ഏല്പിച്ചിട്ടുള്ള ദിവ്യനിക്ഷേപം എന്തായിരുന്നുവെന്നു അതിനോടു പറയുവാൻ ശാസ്ത്രജ്ഞന്മാരായ ചരിത്രകാരന്മാരുടെയൊ അഭിമാനികളായ ഗുണദോഷനിരൂപകന്മാരുടെയൊ ആവശ്യമില്ല. "മനുഷ്യനിലുള്ള ആത്മാവൊഴികെ, മനുഷ്യനുള്ളവയെ മനുഷ്യനിൽ ആരറിയുന്നു? അപ്രകാരംതന്നെ ദൈവത്തിന്റെ ആത്മാവല്ലാതെ ഒരുത്തനും ദൈവത്തിനുള്ളവയെ അറിയുന്നില്ല" (1. കോറന്തിയ, 2-11)

സഭ ദിവ്യമായ ഒരു ജീവനും പ്രകാശവുമുള്ള ഒരു ധൎമ്മസത്വമാണെന്നും തുടൎച്ചയായ ബോധത്തോടും അക്ഷയമായ ഓൎമ്മയോടും കൂടിയതാണെന്നും വിശ്വസിക്കാത്തവൎക്ക് വിശുദ്ധനായ പൌലോസിന്റെ ഈ വചനങ്ങൾക്കു അൎത്ഥമില്ലെന്നു തോന്നിയേക്കാം. ക്രിസ്തുവിന്റെ ഗഹനശരീരത്തിനു്, അതിന്റെ ദിവ്യവരങ്ങളേക്കുറിച്ചും, അതിനേ ഏല്പിച്ചിരിക്കുന്ന വിശ്വാസമാകുന്ന നിക്ഷേപത്തേക്കുറിച്ചും, അബദ്ധത്തോടുള്ള അതിന്റെ പോരാട്ടങ്ങളേക്കുറിച്ചും, സത്യത്തേക്കുറിച്ചുള്ള അതിന്റെ അഭിധാനങ്ങളേക്കുറിച്ചും, അതിന്റെ തനതുപദേശങ്ങളുടെ ചരിത്രത്തേക്കുറിച്ചും, ജീവനുള്ളതും, അനശ്വരവുമായ ഒരു ബോധമുണ്ടെന്നു വിശ്വസിക്കുന്നവൎക്കു ഈ വചനങ്ങൾക്കുള്ള അൎത്ഥം, അന്തഃസ്ഥമായും അമാനുഷമായുമിരിക്കുന്ന ഒരു പ്രകാശത്താൽ സഭ തന്നെത്താൻ അറിയുന്നുവെന്നാണു്. ഓരോ മനുഷ്യനു അവൻ താൻതന്നെയാകുന്നുവെന്നുള്ള ബോധത്തോടു മററാൎക്കും തൎക്കിക്കുവാൻ പാടുള്ളതല്ല. എന്നാൽ, അന്തൎഗ്ഗതമായ ശീലങ്ങളേയും ക്രിയകളേയും ബാഹ്യമായ സംഭവങ്ങളേയും ചരിത്രത്തേയും കുറിച്ചുള്ള അനേകവിധമായ അനുഭവത്തിന്റെ പൂൎണ്ണമായ ഓൎമ്മയും അറിവും അവന്റെ ഈ അനന്യതയിൽ അടങ്ങിയിരിക്കുന്നു. എന്നുതന്നെയല്ല, പൊരുൾതിരിക്കുന്നതിന്റെ താക്കോൽ ഓരോരുത്തൻ തന്നത്താൻ വെച്ചുകൊണ്ടിരിക്കുകയും അവൻ മാത്രം പൊരുൾതിരിപ്പുകാരനാകുകയും ചെയ്യുന്നു. അതുപോലെതന്നെ സഭയുടെ സജീവമായ ബോധത്തിന്നു പുറമെയുള്ള യാതൊരു ഗുണദോഷവിവേചകനാകട്ടെ വ്യാഖ്യാതാവിനാകട്ടെ അതിന്റെ ഉപദേശത്തേ നിശ്ചയിക്കുകയോ അതിന്റെ വിധികളേ മറിക്കുകയോ ചെയ്വാൻ പാടില്ല. "ആത്മമയനായ മനുഷ്യൻ സകലത്തേയും വിവേചിക്കുന്നു. അവൻ തന്നെ ആരാലും വിവേചിക്കപ്പെടുന്നില്ല." (1. കോറിന്തിയ, 2–15)

സഭ അതിന്റെ തനതു ചരിത്രത്തേ പ്രകൃതിയുടെ വെളിച്ചത്താലും അലൗകികമായ ദീപ്തിയാലും അറിയുന്നു. അതിന്റെ വ്യാഖ്യാനങ്ങളെ ഉപേക്ഷിച്ച് മാനുഷചരിത്രത്തിന്മേലും മാനുഷവ്യാഖ്യാനങ്ങളിന്മേലും ആശ്രയിക്കുന്നവരെ അതു തള്ളിക്കളയുകയും കുററം വിധിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, അവ അബദ്ധമെന്നു അതിന്നു നിശ്ചയമായിട്ടറിയാം. ആവിധങ്ങളായ പ്രമാണീകരണങ്ങളേ എല്ലാം രാജദ്രോഹവും പാഷണ്ഡമതവുമാണെന്നു അതുച്ചരിക്കുന്നു. അതിന്റെ ഉപദേശത്തെ വിട്ട് മറെറാരുപദേഷ്ടാവിന്റെ അടുക്കലേക്കു ചെല്ലുന്നതു പരമമായ അതിന്റെ അധികാരത്തെ ധിക്കരിക്കുകയാകയാൽ അതു രാജദ്രോഹമാകുന്നു; അതിന്റെ അധികാരം ദിവ്യമാകയാൽ അതു പാഷണ്ഡമതവുമായിരിക്കും. വിക്ടോറിയാ രാജ്ഞിയിൽനിന്നും മഹാനായ ആൽഫ്റഡിന്റെ (Alfred the Great) അടുക്കലേയ്ക്കോ, ഒന്നാം ആൽബർട്ടിന്റെ (Albert the First) അടുക്കലേയ്ക്കോ അപ്പീൽ ചെയ്യുന്നതായാൽ, ആ കാൎയ്യം ഇംഗ്ലണ്ടിലെ നിയമം വേഗം തീൎച്ചപ്പെടുത്തും. വിശുദ്ധനായ പൌലോസിന്റെ പക്കൽനിന്നും ഗായൂസ് (Gaius) അല്ലെങ്കിൽ അക്വീലാ (Aquila) എന്നിവരുടെ പക്കലേക്കു അപ്പീൽ ചെയ്യുന്നതു അപ്രേഷിതന്റെ ദിവ്യമായ അധികാരത്തെ നിഷേധിക്കുകയായിരിക്കും.

നിർവ്യാജന്മാരായിരിപ്പാൻ തക്ക ശാന്തതയൊ, സൂക്ഷ്മതയുള്ളവരാകുവാൻ തക്ക സ്ഥിരതയൊ ഇല്ലാത്തവർ ചരിത്രത്തെ ഉപദേശപ്രമാണം ജയിക്കുന്ന ഒരു ജയമായി ഇതിനെ പറയുന്നുണ്ടു്. ചരിത്രത്തെ ആശ്രയിച്ചിരിക്കുന്നതു പാഷണ്ഡമതമെന്നു വിധിക്കപ്പെടുന്നുവെന്നുപോലും ചിലർ മാനക്കുറവോടുകൂടെ പറഞ്ഞിട്ടുണ്ടു്. അത്രവേഗം അങ്ങനെ പറയുവാൻ വരട്ടെ. മനുഷ്യനായ ഒരു ഗുരുവിൽനിന്നു മാനുഷമായ ചരിത്രത്തിലേക്കു അപ്പീൽ ചെയ്യുന്നതു പാഷണ്ഡമതമല്ല. എന്നാൽ, ഒരു ദിവ്യഗുരുവിനെ വിട്ടു മറെറതെങ്കിലും ഒരു ന്യായാസനത്തെ പ്രമാണ

മായി സ്വീകരിക്കുന്നതു് ആ പ്രവൃത്തിയാൽതന്നെ പാഷണ്ഡമതമാകുന്നു. എന്നാൽ, ഈ വാക്യം എല്ലായ്പോഴും സൂക്ഷ്മതയോടെ അമൎത്തപ്പെടുന്നു. തൎക്കം പറയുന്നവർ ദിവ്യമായ യാതൊരു പ്രമാണത്തിലും തങ്ങൾക്കു വിശ്വാസമില്ലെന്നുള്ള സത്യം മറച്ചുവെയ്ക്കുന്നു. അതിനാൽ തങ്ങളുടെ സഭയേയും അതിന്റെ സകല ഗുരുക്കളേയും എതിൎത്തു പറയുന്നതിൽ അവർ ദ്രോഹികളൊ പാഷണ്ഡന്മാരൊ ആകുന്നില്ല. പരമമായ അധികാരമില്ലാത്തേടത്തു രാജദ്രോഹമില്ല; ദിവ്യഗുരുവില്ലാത്തേടത്തു പാഷണ്ഡമാൎഗ്ഗവുമില്ല.

സി. അന്തപ്പായി, ബി. എ.

## ഹനാൻവെള്ളവും ശുദ്ധീകരാത്മാക്കളും.

ഹനാൻവെള്ളംകൊണ്ടു് മേല്പറഞ്ഞതിലൊക്കെയും ഉപരിയായ ഒരു കാൎയ്യം നാം നിൎവ്വഹിക്കേണ്ടതായുണ്ടു്. അതായതു ഈ പരിശുദ്ധജലം മൂലം ശുദ്ധീകരണസ്ഥലത്തിലേ ആത്മാക്കൾക്കു നാം ചെയ്തുകൊടുക്കേണ്ട സഹായമാണു്. ഏതൊരുദണ്ഡവിമോചനമെങ്കിലും പ്രാപിക്കുന്നതിനു നമ്മിൽതന്നെ ചില യോഗ്യതകൾ വേണമെന്നു നമുക്കറിയാമെല്ലോ. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു ഈ യോഗ്യതകൾ എപ്പോഴുമുണ്ടായിരിക്കും. നമുക്കോ എന്നാൽ എല്ലാസമയത്തും അവ ഉണ്ടായിരിക്കയില്ല. പ്രസ്തുത ആത്മാക്കൾ ദൈവേഷ്ടപ്രസാദത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടു ഹനാൻവെള്ളംമൂലം ലഭിക്കുന്ന ദണ്ഡവിമോചനം പ്രാപിക്കുന്നതിനു അവൎക്കു യാതൊരു തടസ്സവുമില്ല. പക്ഷേ അവൎക്കു അതിനു സ്വയം നിവൃത്തിയില്ലെന്നും നമ്മുടെ നന്മനസ്സും സഹതാപവും കൊണ്ടു നമ്മൾ ചെയ്തുകൊടുത്താൽ മാത്രമേ അവൎക്കു ഈ ആശ്വാസത്തിനു പാടുള്ളുഎന്നും പ്രത്യേകം ഓൎമ്മിക്കേണ്ടതാണു്. ഇതിനു വിശേഷ വിധിയായി നാം ഒന്നും ചെയ്യേണ്ടതായിട്ടില്ല. ഈ പരിശുദ്ധ നിയോഗത്തോടുകൂടി ഹനാൻവെള്ളം തൊട്ടുതളിച്ചാൽ മതി. ചാതകപ്പക്ഷികൾ ഉൽക്കണ്ഠാപൂൎവ്വം മഴത്തുള്ളികളെ പ്രതീക്ഷിച്ചിരിക്കുന്നതായി കവികൾ പറയുന്നു. എന്നാൽ ബെസ്‌വൃക്കനായി ലെ നമ്മുടെ സഹോദരങ്ങൾ ഇതിലും പതിന്മടങ്ങു് തീക്ഷ്ണതയോടുകൂടിയാണു ഹനാൻവെള്ളത്തുള്ളികളെ ആഗ്രഹിക്കുന്നതു്.

ഹനാൻവെള്ളം തളിക്കുന്നതുകൊണ്ടു് ഈ ആത്മാക്കൾക്കു് എങ്ങനെയാണു് ആശ്വാസം ലഭിക്കുന്നതെന്നു് പലരും സന്ദേഹിച്ചേക്കാം. ഈ വെള്ളത്തെ ആശീൎവ്വദിച്ചപ്പോൾ തിരുസ്സഭയുടെ അധികാരത്തിലും നാമത്തിലും പട്ടക്കാരൻ ചെയ്ത പ്രാൎത്ഥനകൾ ഇതിനെ നാം ഉപയോഗിക്കുന്ന ഓരോ സമയത്തും നവീനരീതിയിൽ ദൈവസന്നിധിയെ പ്രാപിച്ചു് അവിടെനിന്നും തന്റെ അനുഗ്രഹത്തെ സമ്പാദിക്കുന്നു. ഇതാകുന്നു വഞ്ചിക്കാനും വഞ്ചിക്കപ്പെടാനും പാടില്ലാത്ത സത്യതിരുസ്സഭയുടെ ഉപദേശം. നാം ഓരോരുത്തരും തനിച്ചു കഴിക്കുന്ന പ്രാൎത്ഥനകളേക്കാൾ ശക്തിമത്താണു് അനേകർ കൂട്ടമായികഴിക്കുന്ന പ്രാൎത്ഥനകൾ. ദേവാലയത്തിലും കുടുംബങ്ങളിലും മറ്റും ജനങ്ങൾ ഒരുമിച്ചു പ്രാൎത്ഥിക്കേണമെന്നായി നാം ഉപദേശിക്കപ്പെടുന്നതു ഇക്കാരണംകൊണ്ടാകുന്നു. എന്നാൽ എത്രമാത്രം ജനങ്ങൾ ഒന്നിച്ചുചെയ്യുന്ന പ്രാൎത്ഥനകളെക്കാളും ശക്തിയോടുകൂടിയതാണു തിരുസ്സഭയുടെ നാമത്തിൽ തദധികാരികൾ കഴിക്കുന്നവ. തന്മൂലം ഒരു തുള്ളി ഹനാൻവെള്ളത്തിന്റെ മഹത്വം നമുക്കു ഗ്രഹിക്കാവുന്നതാണല്ലോ.

ഇതുകൊണ്ടു നമുക്കു കേവലം ആത്മീയമായ നന്മകൾ മാത്രമല്ല ലഭിക്കാവുന്നതു്. ലൌകികമായ പലഗുണങ്ങൾക്കും ഹന്നാൻവെള്ളം ഇടയാകും. ഭയംകരമായ അഗ്നിപ്രവാഹവും കൊടുങ്കാറ്റും പകർച്ചവ്യാധികളും മറ്റും ഈ പരിശുദ്ധജലത്താൽ ശാന്തമാക്കപ്പെട്ടിട്ടുള്ളതായി ചരിത്രരേഖകൾ അപൂർവ്വമല്ല. കൂടാതെയും ഹന്നാൻവെള്ളം ഒരു കൌദാശികം (Sacramental) കൂടെയാണെന്നും നാം അറിയേണ്ടതുണ്ടു്. ഇതിന്റെ ആന്തരികമായ ദൈവാനുഗ്രഹപ്രാപ്തിക്കു ഈ ബാഹ്യചിഹ്നം ഉപയോഗിക്കപ്പെടുന്നു. നമ്മുടെ ദിവ്യരക്ഷകന്റെ അനന്തമായ യോഗ്യതകളും തന്റെ പ്രിയപ്പെട്ട വധുവായ തിരുസ്സഭയുടെ ആശീർവ്വാദവും ഇതിനുകാരണമാണു്. ശവസംസ്കാരകർമ്മങ്ങളിലും പരേതർക്കു വേണ്ടിയുള്ള ഇതരചടങ്ങുകളിലും ഈ പരിശുദ്ധജലം സർവ്വസാധാരണമായി ഉപയോഗിക്കയെന്നതു ക്രിസ്തീയമതത്തിന്റെ പ്രാരംഭം മുതലേ നടപ്പിലിരിക്കുന്നതാകുന്നു. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു ആശ്വാസം വരുത്തുന്നതിനു ഈ വെള്ളം ഒരുൽകൃഷ്ടമാർഗ്ഗമാണെന്നു മുകളിൽ പ്രസ്താവിച്ചല്ലോ. എന്നാൽ പ്രകാരാന്തരേണ ഇതുനമ്മിലേക്കുതന്നെ പ്രതിഫലിക്കുന്ന ഒരു നന്മപ്രവൃത്തിയാണു്. ഇപ്രകാരം ആശ്വാസം ലഭിച്ചു സ്വർഗ്ഗപ്രാപ്തരാകുന്ന ആത്മാക്കൾ തങ്ങളുടെ ഉപകാരികളെ ഒരിക്കലും വിസ്മരിക്കുന്നതല്ല. ദൈവസന്നിധിയിൽ അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനവളരെ ഫലപ്പെടുന്നതാകുന്നു. അതിനാൽ അവരോടുള്ള സഹതാപവും നമുക്കുലഭിക്കാവുന്ന ഗുണവും സദാ അനുസ്മരണീയങ്ങളാണു്. നമ്മുടെ മാതാപിതാക്കന്മാരുടെയോ സഹോദരങ്ങളുടെയോ സ്നേഹിതന്മാരുടെയോ വേറെ ഏതുവിധേനയെങ്കിലും നമ്മോടുബന്ധപ്പെട്ടിട്ടുള്ള ഇതരന്മാരുടെയോ അഥവാ യാതൊരുസഹായത്തിനായും ഇഹത്തിൽ ആരും ഇല്ലാത്ത സാധുക്കളുടെയോ "ഒരുതുള്ളിഹന്നാൻവെള്ളംതരണേ" എന്നുള്ള ആർത്തസ്വരം ശുദ്ധീകരണസ്ഥലത്തിൽ നിന്നും നമ്മുടെ കർണ്ണപുടങ്ങളിൽ പ്രതിധ്വനിക്കുന്നില്ലെന്നുവരുമോ? കർമ്മലീത്താസഭയുടെ ഒരംഗമായിരുന്ന ദോമിനിക്ക് എന്ന വന്ദ്യദേഹം തന്റെ മേശമേൽ ധ്യാനവിഷയത്തിന്നായി വച്ചിരുന്ന വെൺതലയിൽ (തലയോട്ടിൽ) അല്പം ഹന്നാൻവെള്ളം തളിച്ചപ്പോൾ ഈ പരിശുദ്ധ ജലം കുറേക്കൂടിത്തരണേ എന്നു് അതു് അപേക്ഷിച്ചതായി പറയപ്പെടുന്നു.

അതുകൊണ്ടു നിവൃത്തിയുള്ള എല്ലാ ക്രിസ്തീയകുടുംബങ്ങളിലും ഹന്നാൻവെള്ളം സൂക്ഷിച്ചുവച്ചു് യഥാവസരം സദുദ്ദേശ്യത്തോടെ ഉപയോഗിക്കുന്നതു എത്രയും സ്തുത്യർഹമായ ഒരു സുകൃതമുറയാണെന്നു വീണ്ടും ആവർത്തിച്ചുകൊണ്ടും ആത്മീയവും ലൌകികവുമായി പലേപ്രകാരത്തിലും നമുക്കു ഗുണകരമായ ഈ പരിശുദ്ധജലത്തെപ്പറ്റി കൂടുതലായ ആദരവു് വായനക്കാരിൽ ഉണ്ടാകട്ടേ എന്നു ആശംസിച്ചുകൊണ്ടും ഈ ലേഖനത്തെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

ഏണേക്കാട്ടുയൌസേപ്പുകത്തനാർ.

## സമുദായമാതൃവിലാപം.

(ഗാഥ)

എന്നെപ്പിരിഞ്ഞങ്ങുപോയൊരുമക്കളെ—
പ്പിന്നെയെൻവീട്ടിലേക്കാനയിപ്പാൻ,
സ്നേഹവുമുത്സാഹശക്തിയുമെന്മക്കൾ—
ക്കാഹാ! യിന്നില്ലല്ലോ, വേണ്ടപോലെ.
വേദപ്രചാരത്തിലുത്സാഹമില്ലാതായ്
ഖേദമെനിക്കുണ്ടതിങ്കലേറ്റം.
മറ്റു സമുദായനന്ദനർ ചെയ്തിടും
മുറ്റുംശ്രമം നിങ്ങൾ കാണുന്നില്ലേ?
ആർക്കും കടമയുള്ളൊന്നിതിലശ്രദ്ധ—
നോക്കുമ്പോളെങ്ങിനെ ഞാൻ സഹിക്കും!

സർവ്വേശഭക്തിയുമെന്നിലെന്നോണം താൻ
സർവ്വഥാ ലോപിച്ചു കാണുന്നല്ലൊ?

അല്ലും പകലുമെൻപുത്രന്മാരധ്വാനി-
ച്ചെല്ലുനുറുങ്ങിയുണ്ടാകും ചക്രം,
കള്ളിൻകടത്തിനു കാണിയ്ക്കുവയ്ക്കുന്നു
'പിള്ളേരു' പട്ടിണിയായിടുന്നു!
മദ്യപാനംമൂലമെത്രകുടുംബങ്ങ-
ളദ്യൈവ കണ്ണീരിൽ നീന്തിടുന്നു!
കള്ളുകുടിച്ചു വെളിവില്ലാതെ ചെയ്യും
കൊള്ളാത്ത വേലകളെത്ര ഘോരം!
പൈശാചികമാകുമിത്തൊഴിൽ മക്കളേ!
നാശമാണായതു നീക്കിക്കൂടേ?

സ്ത്രീധനഭ്രാന്തരായ് തീർന്നല്ലോ എന്മക്ക-
ളാധനത്തിൻ ദോഷമാരോർക്കുന്നു?
നന്നായഴകും ഗുണങ്ങളുമുള്ളോരു
കന്യാകുസുമങ്ങളെത്രമാത്രം
സ്ത്രീധന ചണ്ഡവാതത്താലടിപെട്ടു
ബോധമില്ലാതെ വീഴുന്നു, മുള്ളിൽ!
ദാമ്പത്യബന്ധസൌഭാഗ്യങ്ങളോരാതെ
സമ്പത്തുമാത്രം മോഹിച്ചുകൊണ്ട്
ചേരാത്തവേളിനടത്തിയെന്മക്കൾ ഹാ!
തോരാത്ത കണ്ണീരിൽ നീന്തുന്നല്ലൊ?

പത്രപ്രവർത്തകരായോരെൻ പുത്രരെ,
അത്ര തുണക്കുവാനാരുമില്ല.
പത്രംപൊതുജനനാവല്ലയോ നിങ്ങൾ-
ക്കെത്രയോവിജ്ഞാനം നൽകീടുന്നു?
അല്പം പണമിതിനേകിവായിക്കുവാൻ
താല്പര്യമില്ലാത്തതെത്ര കഷ്ടം!
എത്രമാത്രം ചക്രം പാഴിലോരോരുത്തർ
നിസ്രൂപം പോകുന്നതോർക്കുന്നതാർ?

ടി. കേ. വർക്കി ചേർത്തല.

## മ്ശിഹായുടെ സ്ലീവാബലി.

ദൈവത്തെ മനുഷ്യനോടു ശാന്തമാക്കിയ ബലി മ്ശിഹാ സ്ലീവായിൽ സമർപ്പിച്ച ആ ബലിയായിരുന്നു.

നമ്മുടെ കർത്താവ് ഭൂമിയിൽ നയിച്ച ജീവിതം നിരന്തരമായ ഒരു ബലിയായിരുന്നെന്നു പറയണം. ഈ ബലി മാനുഷാവതാരത്തോടുകൂടി ആരംഭിച്ചു. എന്തെന്നാൽ അപ്പോൾ അങ്ങുന്ന് ദൈവപുത്രൻ എന്ന തന്റെ ദിവ്യമഹത്വത്തെ മറച്ച് ദാസന്റെ രൂപംധരിച്ചു. (ഫീലി: ൨. ൭.) അങ്ങുന്നു തന്റെ സ്വാതന്ത്ര്യമനസ്സിനെ ഉപേക്ഷിച്ച് കുരിശുമരണത്തോളം തന്റെ പിതാവിനു് കീഴ്വഴങ്ങി. അങ്ങുന്ന് ലൌകിക വസ്തുക്കളെല്ലാം പരിത്യജിച്ചു പറയുന്നതായ്തു്: "നരികൾക്കു അളകളും ആകാശപക്ഷികൾക്കു കൂടുകളും ഉണ്ടു്. എന്നാൽ മനുഷ്യപുത്രനു തന്റെ തല ചായിപ്പാൻ സ്ഥലമില്ല." (മത്താ. ൮. ൨൦) അങ്ങുന്നു പലപ്പൊഴും ആഹാരം കൂടെയും ത്യജിച്ചു. ഉദാഹരണമായി, സമറായക്കാരത്തിയോടുള്ള സംഭാഷണത്തിന്റെ മദ്ധ്യേ ആഹാരം അനുഭവിപ്പാൻ ശിഷ്യന്മാർ അങ്ങേ നിർബന്ധിക്കയിൽ അങ്ങുന്ന് പറഞ്ഞതായതു്: "എന്റെ ആഹാരം എന്നെ അയച്ചവന്റെ ഇഷ്ടം പ്രവൃത്തിക്കുന്നതാകുന്നു." (യോഹ: ൪. ൩൪) തന്റെ പ്രേഷകവേലകൊണ്ടു ആലസ്യപ്പെട്ടിരുന്നിട്ടും വിശ്രമം ആഗ്രഹിച്ചില്ല. അങ്ങുന്നു പലപ്പോഴും മലയിൽ കയറി രാത്രി മുഴുവൻ കഴിച്ചതായി നാം അറിയുന്നു. (ലൂക്കാ, ൬. ൧൨) "ഞാൻ എന്റെ സ്തുതിയേ അന്വേഷിക്കുന്നില്ല" എന്നു പറഞ്ഞുകൊണ്ടു അങ്ങുന്നു ബഹുമാനത്തേയും പരിത്യജിച്ചു. ന്യായാധിപന്മാരുടെ മുമ്പാകെവച്ച് കള്ളവും പരിഹാസങ്ങളും മൌനമായി സഹിച്ചു. കുലപാതകന്മാർക്കു തുല്യനായി വിചാരിക്കപ്പെടുവാനും രണ്ടു കള്ളന്മാരുടെ മദ്ധ്യേ ക്രൂശിൽ തറക്കപ്പെടുവാനും മനസ്സായി; ദുഷ്കീർത്തിപെട്ടവനായ ഒരു പാതകൻ തനിക്കു മുൻ വയ്ക്കപ്പെട്ടതിലും വൈമനസ്യം കാണിച്ചില്ല. അവസാനമായി സ്ലീവായിൽ, തനിക്കുണ്ടായിരുന്നതെല്ലാം— തന്റെ ജീവൻ കൂടെയും— പരിത്യാഗം ചെയ്തു. അങ്ങുന്നു പറഞ്ഞതായ്തു്: "ഒരു മനുഷ്യ

ൻ തന്റെ സ്നേഹിതനുവേണ്ടി പ്രാണനെ കൊടുക്കുന്നതിൽ വലുതായ സ്നേഹം ആക്കും ഉണ്ടാവാൻ കഴിയുന്നതല്ല." (യോഹ. ൧൫. ൧൩) "പൂർത്തിയായി" എന്നു തന്റെ മരണത്തിന്നു സ്വല്പം മുമ്പു നിലവിളിക്കുവാൻ അങ്ങേക്കു സാധിച്ചു.

എന്നാൽ അങ്ങേ പാപപരിഹാരബലി അങ്ങേ പീഡാനുഭവത്തോടുകൂടിയാണു പ്രവൃത്തിയിൽ ആരംഭിച്ചതു്. അതു് കുരിശുമരണത്തോടുകൂടി അവസാനിക്കയുംചെയ്തു. അങ്ങുന്നു കുരിശിൽ തൂങ്ങിക്കിടക്കയിൽ "ഞാൻ മനുഷ്യനല്ല ഒരു പുഴുവാകുന്നു. ഞാൻ വെള്ളംപോലെ ചിന്തപ്പെട്ടു; എന്റെ അസ്ഥികളെല്ലാം ചിതറിക്കപ്പെട്ടു" എന്ന സങ്കീർത്തനക്കാരന്റെ വാക്കുകളേ അങ്ങേക്കു പ്രതിധ്വനിപ്പിക്കാമായിരുന്നു. "കുഞ്ഞാടിനെപ്പോലെ കുലക്കു കൊണ്ടുപോകപ്പെട്ടു" എന്നു ദീർഘദർശി മ്ശിഹായെക്കുറിച്ചു പറഞ്ഞതു് രക്ഷിതാവിന്റെ ഈ ബലിയെ സംബന്ധിച്ചത്രേ. സ്നാപകയോഹന്നാൻ മ്ശിഹാ തന്റെ അടുക്കൽ വരുന്നതുകണ്ടു് നിലവിളിച്ചു പറഞ്ഞതായ്തു്: ഇതാ, ദൈവത്തിന്റെ കുഞ്ഞാടു്! ലോകപാപങ്ങളെ വഹിക്കുന്നവൻ ഇതാ! "നമ്മുടെ പെസഹാ ആയ മ്ശിഹാ ബലി സമർപ്പിക്കപ്പെട്ടിരിക്കുന്നു" എന്നു് വി. പൌലോസു പറയുന്നു. ഈ പെസഹാബലിയുടെ ഓർമ്മയാകുന്നു പെസഹാക്കാലത്തിൽ സവിശേഷം ആഘോഷിക്കപ്പെടുന്നതു്.

ക. നി. മൂ. സ. അപ്രേംപെട്ടക്കാരൻ.

# പത്താംപീയൂസ് മാർപ്പാപ്പായുടെ അൽഭുതപ്രവർത്തനങ്ങൾ.

I

കത്തോലിക്കാ ലോകത്തിന്റെ ഭക്തിബഹുമാനങ്ങൾക്കു പ്രത്യേകവിധത്തിൽ പാത്രീഭൂതരായി വി. പത്രോസിന്റെ സിംഹാസനത്തെ അലങ്കരിച്ചിട്ടുള്ള മാർപ്പാപ്പാമാരുടെ കൂട്ടത്തിൽ ഒട്ടും അപ്രധാനനല്ലാത്ത ഒരു ദേഹമാണു് കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ പത്താംപീയൂസ് മാർപ്പാപ്പാ. ഈ വന്ദ്യദേഹം കാലംചെയ്തിട്ടു് പത്തുകൊല്ലത്തിലധികമായിട്ടില്ലെങ്കിലും—നമ്മുടെഭാഗ്യാതിരേകമെന്നല്ലാതെ എന്തുപറയട്ടേ— തന്നെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്നതിനുള്ള നടപടികൾ അധികാരസ്ഥാനങ്ങളിൽ നിന്നും ത്വരിതഗതിയിൽ നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതു എല്ലാവർക്കും അറിവുള്ള ഒരു സംഗതിയാണല്ലോ. ഇപ്രകാരമുള്ള ഈ മഹാത്മാവിന്റെ ജീവിതത്തിലെ പലേ സ്മരണീയ ഘട്ടങ്ങളും നമ്മൾ എവരുടെയും ശ്രദ്ധയെ സവിശേഷം അർഹിക്കുന്നവതന്നെയെന്നിരുന്നാലും, അവിടത്തെ ജീവിതത്തിൽ തനിക്കു ദൈവം നൽകിയ പ്രത്യേക വല്ലഭത്വത്തെ വിശദപ്പെടുത്തിയതായ ആ അത്ഭുതപ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ചിലവയെ സംബന്ധിച്ചു് ഈ പംക്തികളിൽ പ്രസ്താവിക്കുന്നതു് കുസുമവായനക്കാർക്കു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.



"ദുഃഖിതന്മാരുടെ മാർപ്പാപ്പാ" എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹത്തിനു് രോഗികളാദിയായവരുടെമേൽ സ്വതേതന്നെ ഉണ്ടായിരുന്ന അനുകമ്പയും അനുഭാവവും അനന്യസാധാരണമായ ഒന്നായിരുന്നു. ഇതിനെ സംബന്ധിച്ചു് മൊൺസിഞ്ഞോർ ബൻസൺ അവർകൾ പറയുന്നതു പ്രത്യേകം ശ്രദ്ധേയമാണു്. "ഈ വന്ദ്യദേഹത്തെ ഒരിക്കൽ പോലും കാണുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടു

ള്ളവരിൽ ആർക്കാണ് തന്റെ ആ ആനന്ദപ്രദ്യോതകമായ പ്രസന്നമുഖവും അനുകമ്പാസമന്വിതമായ കടാക്ഷവീക്ഷണവും അമൃതസമാനമായ ആ സ്വരമധുരിമയും മറക്കാൻ കഴിയുക?" തന്റെ പരിപാവന കരതലങ്ങളാലുള്ള ഒരൊററ സ്പർശനമൊ അല്ലെങ്കിൽ ഒരനുഗ്രഹമൊ മാത്രംകൊണ്ട് പല രോഗികളും അസ്വസ്ഥന്മാരും പൂർണ്ണസൗഖ്യരായിതീർന്നിട്ടുണ്ട്. ഇവ സാക്ഷാൽ അൽഭുതങ്ങൾതന്നെയാണൊ എന്നും മററും നിർണ്ണയിക്കേണ്ടതു തിരുസഭയുടെ അധികാരത്തിൽ ഉൾപ്പെട്ടതാണെങ്കിലും ഇദ്ദേഹം വഴിയായി കിട്ടിക്കൊണ്ടിരുന്ന ഈ അനുഗ്രഹങ്ങളും സഹായങ്ങളും നിരവധിയാണെന്നുള്ളതിനു സംശയമില്ല. മാത്രമല്ല ഇവയെ സംബന്ധിച്ചുള്ള സംസാരം റോമിൽ സർവ്വത്ര പ്രചുരപ്രചാരമായിത്തീരുകയും ചെയ്തു. അനേകം സ്ത്രീപുരുഷന്മാർ ഏതാദൃശസംഭവങ്ങൾക്കു ദൃക്ക്സാക്ഷികളായിട്ടുണ്ട്.

കാലവിളംബമെന്യെ ഇവ അന്യരാജ്യങ്ങളിലും അറിയപ്പെടാതിരുന്നില്ലെന്നുള്ളതിനു താഴെപ്പറയുന്ന ചില സംഭവങ്ങൾ വെളിവായ തെളിവുകളാണ്. ഇംഗ്ലണ്ടുകാരിയായ ഒരു ചെറിയ പെൺകുട്ടിയുടെ തലയിലും കഴുത്തിലും വ്യാപിച്ച കഠിനമായ കുഷ്ഠവ്യാധിയാൽ അവൾ അത്യധികമായ സങ്കടമനുഭവിച്ചു വന്നിരുന്നു. "റോമാസിംഹാസനത്തെ ആദ്യമായലങ്കരിച്ച വിശുദ്ധ പത്രോസിന്റെ നിഴൽ തട്ടുന്നതിനു ഭാഗ്യം സിദ്ധിച്ചവർപോലും തങ്ങളുടെ സുഖക്കേടുകളിൽ നിന്നും പൂർണ്ണവിമോചനം പ്രാപിച്ചെങ്കിൽ തന്റെ പിൻഗാമിയായി നിസ്സീമമഹിമാവോടെ പരിശുദ്ധ സിംഹാസനത്തെ അലങ്കരിക്കുന്ന പത്താം പീയൂസ് മാർപ്പാപ്പാ തിരുമേനിയുടെ പാദാരവിന്ദങ്ങളിൽ അഭയം പ്രാപിച്ചാൽ എന്തുകൊണ്ടു ഞാൻ പൂർണ്ണസൗഖ്യയാകയില്ല" എന്നിപ്രകാരമുള്ള ചില ആന്തരിക ചിന്തകളാൽ പ്രേരിതയായി തന്നെ റോമയിലേക്കു കൊണ്ടുപോകുന്നതിനു അമ്മയുടെ അടുക്കൽ അവൾ തത്രപ്പെട്ടു. ഒടുവിൽ ആഗ്രഹാനുസരണം ഇവൾ അമ്മയോടൊരുമിച്ചു വിശുദ്ധപുരിയിൽ എത്തുകയും അവിടെ മററു നാല്പതോളം തീർത്ഥയാത്രക്കാരോടൊരുമിച്ച് പരിശുദ്ധ പിതാവിനെക്കാണുന്നതിനുള്ള അനുമതിയും ഭാഗ്യവും സിദ്ധിക്കയും ചെയ്തു. അവരിൽ ഓരോരുത്തരുടെ അടുക്കൽക്കൂടി പരിശുദ്ധ പിതാവ് കടന്നുപോകയിൽ അവരെല്ലാവരോടും തന്നെ അവിടുന്നു ഓരോന്നു സംസാരിക്കാതിരുന്നില്ല. എന്നാൽ അഞ്ജലിബന്ധം ചെയ്തു മുട്ടിന്മേൽ നിന്നിരുന്ന നമ്മുടെ പെൺകുട്ടിയോടാകട്ടെ അവിടുന്നു യാതൊരക്ഷരവും ഉച്ചരിച്ചതേയില്ല. അവളെ താൻ ഒന്നാശീർവദിക്ക മാത്രം ചെയ്തു. തൽക്ഷണം അവളിൽ എന്തോ ഒരു മാററം സംഭവിച്ചതുപോലെ അവൾക്കു തോന്നി. ഉടൻതന്നെ അവിടെനിന്നും മടങ്ങി തങ്ങൾ താമസിച്ചിരുന്ന ഹോട്ടലിൽ അവൾ എത്തി. പതിവുപോലെ മരുന്നുകൾ വച്ചുകെട്ടുന്നതിനുവേണ്ടി അമ്മ കുട്ടിയുടെ വ്രണം അഴിച്ചുനോക്കുകയിൽ - ഹാ! അത്ഭുതമെന്നല്ലാതെ എന്തു പറയട്ടെ— അവളുടെ കുഷ്ഠംമാറി പൂർണ്ണസൗഖ്യം പ്രാപിച്ചതായിക്കണ്ടു. ഇവർ അത്ഭുതപരതന്ത്രരായി ദൈവത്തിനു പ്രത്യേക സ്തുതിസ്തോത്രങ്ങൾ ചെയ്തശേഷം സന്തോഷപൂരിതരായി സ്വഗൃഹത്തിലേക്കു മടങ്ങി.

റവ. തോമസ് പ്ലാക്കാട്ട്

---

പ്രൊപ്പഗാന്ത സെമ്മിനാരിയിൽ പഠിക്കുന്ന ചങ്ങനാശേരി രൂപതയിൽപ്പെട്ട കാപ്പിൽ ബ. കുര്യാക്കോസ് ശെമ്മാശ്ശനവർകളും, തൃശ്ശൂർ രൂപതയിൽപ്പെട്ട ആലപ്പാട്ട ബ. ജോർജ് ശെമ്മാശ്ശനവർകളും പി. എച്ച്. ഡി. പരീക്ഷയിൽ വിജയികളായിരിക്കുന്നതറിഞ്ഞ് സന്തോഷിക്കയും അവരെ അനുമോദിക്കയുംചെയ്തുകൊള്ളുന്നു.

കടവിൽ ബ. മത്തായിഅച്ചനവർകൾ റോമായിൽനിന്നു ഒർത്തൊനാ, ലൊറേത്തൊ, അസ്സീസി മുതലായ സ്ഥലങ്ങൾവഴിക്കു മലയാളത്തേക്കു തിരിച്ചിരിക്കുന്നു.

# വി. പാസ്ക്കൽ ബായിലോൺ.

## II.

### പാസ്ക്കലിന്റെ ബാല്യപ്രായം.

ഏഴുവയസ്സുമുതൽ പാസ്കൽ സ്വപിതാവിന്റെ ആടുകളെ മേയിച്ചുവന്നു. ജപധ്യാനത്തിനും ഏകാന്തജീവിതത്തിനും തനിക്കു സഹജമായിട്ടുണ്ടായിരുന്ന ആസക്തിമുഖാന്തരം ഈ ജോലി അദ്ദേഹത്തിനു വളരെ അനുകൂലപ്രദമായ ഒന്നായിരുന്നു. മനോഹരമായ പ്രകൃതിവിലാസമദ്ധ്യേ, ലൗകികാരവങ്ങളിൽനിന്നു വേർപെട്ട് ദൈവസാന്നിദ്ധ്യത്തിൽ അവൎണ്ണനീയമായ ആനന്ദം അനുഭവിച്ചിരുന്നു. യഥേഷ്ടം ജപം ചെയ്യുന്നതിനുള്ള സൌകൎയ്യമാണ് എല്ലാ ജോലികളിലും പാസ്കൽ അതിയായി അന്വേഷിച്ചിരുന്നതു. അമലോത്ഭവകന്യകയുടെ ചെറിയ കീൎത്തനമാല "Little office" പഠിക്കുന്നതിനു വളരെ മോഹം ഉണ്ടായിരുന്നു. എന്നാൽ അതു് എങ്ങനെ സാധിക്കും? ഭാഷയുടെ ആദ്യാക്ഷരംപോലും താൻ അഭ്യസിച്ചിട്ടില്ലായിരുന്നു. എങ്കിലും പരിശുദ്ധകന്യകയുടെ നേൎക്കുണ്ടായിരുന്ന ഭക്തവാത്സല്യം നിമിത്തം തനിക്കു കേവലം അസാദ്ധ്യമെന്നു തോന്നിയിരുന്ന ഈ വിഷമതയെ ജയിക്കുന്നതിനു സാധിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. പരിശുദ്ധ മറിയത്തിന്റെ സംരക്ഷണയിൽ ഏററം നന്നായി പ്രാൎത്ഥിക്കുന്നതിലേക്കായി സൌകൎയ്യം ഉള്ളപ്പോഴൊക്കെയും ഈ ദിവ്യ മാതാവിന്റെ ഒരു ചെറു ദേവാലയത്തിനു സമീപം തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുക പതിവായിരുന്നു. വല്ല കാരണത്താലും മററു സ്ഥലങ്ങളിലേക്കു പോകേണ്ടിവന്നാൽ ഈ വിശുദ്ധ ജനനിയുടെ സാന്നിദ്ധ്യം വിടാതിരിപ്പാൻ സൂക്ഷമുണ്ടായിരുന്നു. തന്റെ വടിമേൽ മാതാവിന്റെ ഒരു രൂപവും അതിന്മീതെ തിരുഓസ്തിയുടെ ഭാഷയും കൊത്തിയുണ്ടാക്കി നിശ്ചിതസമയങ്ങളിൽ ഈ പ്രതിഛായകളുടെ മുമ്പാകെ മുട്ടുകുത്തി തന്റെ ജപങ്ങളെ വിശുദ്ധ കുൎബാനയുടെയും പരിശുദ്ധ മറിയത്തിന്റെയും സന്നിധിയിൽ എന്നപോലെ ഭക്തിസമേതം ചെയ്ക പതിവായിരുന്നു.

കാലതാമസം വിനാ ഈ ചെറു അജപാലൻ ഒരു അദ്ധ്യാത്മികപ്രേഷകനും ആയിത്തീൎന്നു. ചരടുകൊണ്ടു ജപമാല ഉണ്ടാക്കി കൂട്ടുകാൎക്കു കൊടുക്കയും അവരെ ജപമാല എത്തിപ്പാൻ പഠിപ്പിക്കയും ചെയ്തു.

യാതൊരു വിദ്യാഭ്യാസവും ദൈവജ്ഞാനവും സിദ്ധിച്ചിട്ടില്ലാതിരുന്ന ഈ കുട്ടികൾ അമലോത്ഭവമാതാവിനെ സ്തുതിക്കുന്നതിൽ ഇഷ്ടപ്പെടുകയും അതുമുതൽ ദൈവദൂഷണങ്ങൾക്കും അസഭ്യവാക്കുകൾക്കും പകരം അവരുടെ അധരങ്ങൾ സ്വൎഗ്ഗരാജ്ഞിയുടെ കീൎത്തനങ്ങളെ പാടുന്നതിൽ തഴങ്ങുകയും ചെയ്തു. ജപധ്യാനവും പ്രേഷകവൃത്തിയും കൂടാതെ, അനുതാപികൾക്കടുത്ത തപക്രിയകളെയും നമ്മുടെ ബാലൻ അനുഷ്ഠിച്ചുവന്നു. അടി പ്രായശ്ചിത്തം എടുത്തിരുന്നതു സ്വന്തപാപങ്ങളെ പരിഹരിക്കുവാൻ വേണ്ടിയാണെന്നു പറയുമായിരുന്നു. ഇപ്രകാരം പുണ്യാഭിവൃദ്ധി പ്രാപിച്ചുവന്നിരുന്ന ഈ ബാലന്റെ നേൎക്കു പിശാചു് ക്രോധാക്രാന്തനായി കഠിന പരീക്ഷകളാൽ അവനെ പീഡിപ്പിക്കുവാൻ തുടങ്ങി. അപ്പോൾ ക്രൂരതരങ്ങളായ മുള്ളുവടികൾകൊണ്ടു തന്റെ കുററമററ ശരീരത്തെ അടിച്ചു മുറിപ്പെടുത്തുകയും ഇങ്ങനെ നരകശത്രുവിന്റെ ആക്രമണങ്ങളെ ജയിക്കയും ചെയ്തു. ഇതു കണ്ടു വിസ്മയപൂരിതരായ സഖികൾ വിശുദ്ധ പാസ്കലിനെ അത്യന്തം പൂജ്യനായി കരുതുകയും അയാളുടെ മുമ്പാകെ യാതൊരു അസഭ്യവാക്കും പറയാതിരിപ്പാൻ ശ്രദ്ധിക്കയും ചെയ്തിരുന്നു. അവരുടെ വിഷമതകൾ പലപ്പോഴും ഈ പുണ്യബാലനോടു അവർ അറിവിക്കയും അദ്ദേഹം സന്ദൎഭോചിതങ്ങളായ ഉപദേശങ്ങളാൽ അവരെ

ആശ്വസിപ്പിക്കയും ധൈൎയ്യപ്പെടുത്തുകയുംചെയ്ക പതിവായിരുന്നു.

ഈ സുകൃതബാലനിൽ ഉണ്ടായിരുന്ന വിവിധപുണ്യങ്ങളിൽ പരമാൎത്ഥതയും നീതിതല്പരതയുമാണ് വിശേഷവിധിയായി പ്രകാശിച്ചിരുന്നതു്. തന്റെ ആടുകൾ അയൽക്കാൎക്കു വല്ല ഉപദ്രവും വരുത്തിയിരുന്നാൽ ഉടനെ അവൎക്കു നഷ്ടപരിഹാരം ചെയ്യുവാൻ അത്യുത്സാഹം ചെയ്തിരുന്നു. അന്യന്മാരുടെ തോട്ടങ്ങളിൽ നിന്നു മുന്തിരിങ്ങാപ്പഴങ്ങൾ മുതലായി ഏതെങ്കിലും കായ്കനികൾ മോഷ്ടിക്കുന്നതിനു കൂട്ടുകാർ എത്രതന്നെ പ്രേരിപ്പിച്ചിരുന്നാലും പാസ്കൽ അതിനു ഒരിക്കലും വശംവദനായിട്ടില്ല. അജപാലന്മാരുടെ ഗണത്തിൽ മഹാക്രൂരനും ശക്തനുമായ ഒരു പ്രധാനി ഉണ്ടായിരുന്നു. അവന്റെ ക്രൂരകൃത്യങ്ങൾ മുഖാന്തിരം എല്ലാവരും അവന്റെ മുമ്പാകെ വിറച്ചിരുന്നു. എന്നാൽ പാസ്കൽമാത്രം അവന്റെ അപരാധകരമായ പ്രേരണകൾക്കു എതിൎത്തു നിന്നു. അതിനാൽ കുപിതനായ തസ്കരപ്രമാണി “നീ മുന്തിരിങ്ങാപ്പഴം പറിക്കയില്ലെങ്കിൽ നിന്നെ ഞാൻ കൊന്നുകളയും” എന്നു് ഭയപ്പെടുത്തി പറഞ്ഞു. “നീ എന്നെ കൊന്നാലും അന്യന്റെ മുതൽ എന്നെകൊണ്ടു അപഹരിപ്പിക്കുന്നതിനു നിനക്കു ഒരിക്കലും സാധിക്കുകയില്ല” എന്നാണ് പാസ്കൽ ധൈൎയ്യസമേതം മറുപടി പറഞ്ഞതു്. ഈ തരത്തിലുള്ള സഹവാസം തനിക്കു അശേഷം തൃപ്തികരമല്ലെന്നും തന്റെ ആഗ്രഹം മുഴുവനും ഒരു സന്യാസിയായി ജീവിക്കുന്നതിനാണെന്നും തന്റെ സ്നേഹിതനായ ‘അപ്പരീസ്യോ’ എന്നൊരു സുകൃതബാലനോടു പാസ്കൽ പറകയുണ്ടായി. ഇതുകേട്ടിട്ടു ആ സ്നേഹിതൻ ഒട്ടും ആശ്ചൎയ്യം പ്രദൎശിപ്പിച്ചില്ല. എന്തുകൊണ്ടെന്നാൽ പാസ്കൽ പണ്ടേതന്നെ ഒരു സന്യാസിയെപ്പോലെയാണ് ജീവിച്ചുവന്നിരുന്നതു്. ഒരു ദിവസം ഭക്തിപൂൎവ്വം പ്രാൎത്ഥിച്ചുകൊണ്ടിരിക്കയിൽ പ്രൻസീസ്കോസിന്റെ സഭക്കാരായ രണ്ടു സന്യാസികൾ പ്രത്യക്ഷരായി “നീ ലോകം ഉപേക്ഷിച്ചു സന്യാസസഭയിൽ പ്രവേശിക്കണം എന്നു ദൈവനാമത്തിൽ നിന്നോടറിയിക്കുന്നതിനായിട്ടാണ് ഞങ്ങൾ വന്നിരിക്കുന്നതു്” എന്നു പറഞ്ഞു. ഈ കാൎയ്യം ടി. സ്നേഹിതനോടു പാസ്കൽ വെളിപ്പെടുത്തി. ഉടനെ പാസ്കൽമൂലം സംഭവിച്ച വേറൊരത്ഭുതകൃത്യം പ്രസ്തുത ദൎശനത്തിന്റെ വാസ്തവത്തെ ഒന്നുകൂടി സ്ഥിരപ്പെടുത്തി. എന്തെന്നാൽ അപ്പോൾ അത്യുഗ്രമായ വേനൽക്കാലമായിരുന്നതുകൊണ്ടു ആടുകൾക്കും ഇടയന്മാൎക്കും കുടിക്കാൻ കൂടി വെള്ളമില്ലാതെ വളരെ കഷ്ടപ്പെട്ടു. “നമുക്കു ഇവിടം വിട്ടു വേറൊരു സ്ഥലത്തേക്കു പോകാം” എന്നു അപ്പരീസ്യോ പറഞ്ഞപ്പോൾ “പോകണ്ടാ നമുക്കു ഇവിടെതന്നെ ശുദ്ധജലം ഉണ്ടാകുമെന്നു ഞാൻ നിങ്ങളോടു് ഉറപ്പു പറയുന്നു” എന്നു പാസ്കൽ പറഞ്ഞശേഷം, ഏതാനും അടികൾ ദൂരെ മാറി ഒരു സ്ഥലത്തു് കൈ കൊണ്ടു സ്വല്പനേരം മാന്തി. അനന്തരം തന്റെ വടികൊണ്ടു വിശ്വാസപൂൎവ്വം അവിടെ കുത്തുകയും ഉടനേ അതിൽ നിന്നു നിൎമ്മലവും മനോഹരവുമായ ജലപ്രവാഹം ഉണ്ടാകയുംചെയ്തു. സ്നേഹിതൻ ഇതുകണ്ടു് വിസ്മയപരവശനായും നിശ്ശബ്ദനായും നിന്നുപോയി.

ഈദൃശമായ അത്ഭുതവരങ്ങളാൽ അലംകൃതനായ ഈ പുണ്യവാൻ സന്യാസിയായി ഏററം പരിപൂൎണ്ണശുശ്രൂഷ തനിക്കു അൎപ്പിക്കേണമെന്നുള്ള അഭീഷ്ടം ദൈവത്തിനും ഉണ്ടായിരുന്നു. കാലവിളംബമെന്നിയെ സംഭവിച്ച വേറൊരു സ്വൎഗ്ഗീയദൎശനവും ദൈവാജ്ഞയെ എത്രയും നിമിഷത്തിൽ അനുവൎത്തിക്കുന്നതിനു ഈ ഉത്തമബാലനെ ഒന്നുകൂടി പ്രേരിപ്പിച്ചു.

തന്നിമിത്തം തന്റെ പ്രേമഭാജനങ്ങളായ രണ്ടു സഹോദരികളോടും ഒരു സഹോദരനോടും മിത്രങ്ങളോടും യാത്രപറഞ്ഞു ലൌകികമായതൊക്കയും പരിത്യജിച്ച് ത്വരിതമായി പ്രൻസീസ്കോസ്സഭക്കാരുടെ ആശ്രമത്തിൽ എത്തി. അന്നു പാസ്കലിനു പതിനെട്ടു വയസ്സു ആരംഭിച്ചിരുന്നു.

ഫാദർ മൎസ്സലീൻ സി. ഡി.

# തിരുഹൃദയഭക്തന്മാർ ൧൲൱൫ കന്നിമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## റഷ്യയുടെ മാനസാന്തരം.

യൂറോപ്പു ഭൂഖണ്ഡത്തിൻെറ പകുതിയിലധികവും ഏഷ്യായുടെ മൂന്നിലൊന്നും ഉൾപ്പെടെ ലോകത്തിലെ കരയുടെ ആറിലൊരുഭാഗം വരുന്ന ഒരു വലിയരാജ്യമാണു റഷ്യാ. ഒരു കോടി മുപ്പത്തഞ്ചുലക്ഷത്തോളം ജനങ്ങൾ ഇവിടെ വസിക്കുന്നുണ്ടു്. ക്രിസ്ത്വാബ്ദം ഒൻപതാംശതവഷാരംഭത്തിൽ സത്യവേദം അവിടെ പ്രവേശിച്ചതാണെങ്കിലും, അധികം താമസിയാതെ ഉത്ഭവിച്ച ഭയങ്കരമായ പൌരസ്ത്യശീശ്മയ്ക്കു ഈ പ്രദേശങ്ങളെല്ലാം വിധേയമാകയാണുണ്ടായതു്. പുനരൈക്യത്തിനുള്ള ആലോചനകൾ പലഘട്ടങ്ങളിലുണ്ടായെങ്കിലും എല്ലാംതന്നേ വിഫലീഭവിച്ചെന്നുതന്നെയല്ല, കത്തോലിക്കമതാനുസാരികൾ രാജ്യാധികാരികളാൽ നാനാപ്രകാരത്തിൽ ഞെരുക്കപ്പെട്ടുവന്നു. പട്ടക്കാർക്കും മെത്രാന്മാർക്കും പ്രാണഹാനി ഭയന്നു റഷ്യയിൽ പ്രവേശിക്കാൻ പാടില്ലായിരുന്നു. വൈദികകർമ്മങ്ങൾ നിവ്വഹിക്കുന്നതു രാജദ്രോഹംപോലെശിക്ഷിക്കപ്പെട്ടിരുന്നു. 1905—ലെ ജപ്പാൻയുദ്ധത്തിനുശേഷം കുറേക്കാലത്തേയ്ക്കു മതസ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യപ്പെട്ടെങ്കിലും അതു് അധികം നീളിച്ചില്ല. ശീശ്മകക്ഷിയുടെ പ്രാബല്യം വീണ്ടും മൂർദ്ധന്യം പ്രാപിച്ചു. 1917—ൽ സാർ ചക്രവത്തിയുടെ സ്ഥാനത്യാഗത്തോടേ അനേക ശതാബ്ദം നീളിച്ച ആ ക്രൂരവാഴ്ചയ്ക്കു ഒരന്തരം വരികയും, റഷ്യാരാജ്യവും കത്തോലിക്കമതവും തമ്മിൽ രമ്യപ്പെടുന്ന ചില വ്യവസ്ഥകൾ ചെയ്കയും ചെയ്തെങ്കിലും 1918-ൽ ആരംഭിച്ച ബൊൾഷേവിക്ക ഭരണം നിമിത്തം കാര്യങ്ങളെല്ലാം പൂവ്വാധികം കുഴപ്പത്തിലായിരിക്കയാണു്. ഗവമ്മെണ്ടിൻെറ ദുർന്നയങ്ങൾക്കു അനുകൂലികളല്ലാത്ത എല്ലാവരുടെയും നില അത്യന്തം ആപൽക്കരമായിരിക്കുന്നു. റഷ്യൻ ശീശ്മസഭ പ്രതിദിനമെന്നപോലെ ഭിന്നിച്ചു വിവിധകക്ഷികളായി തിരിഞ്ഞുവരുന്നു. ഗവമ്മെണ്ടിനോടു എതൃക്കുന്നതിനുള്ള ശക്തിയും ധൈയ്യവുമില്ലാതെ ഇതുകളെല്ലാം തന്നെ വിശ്വാസം നശിച്ചു് ബൊൾഷേവിക്ക മതസിദ്ധാന്തികളായി കാണപ്പെടുന്നു. എന്നാൽ കത്തോലിക്ക സഭ ഈ വിധത്തിൽ അടിപെടാത്തതിനാൽ പ്രതിയോഗികൾക്കുള്ള ദ്വേഷത സാമാന്യമല്ല. കത്തോലിക്കരും വിശ്വാസസ്ഥിരതയുള്ള ശീശ്മക്കക്ഷികളും ഉൾപ്പെടെ 1300 ൽപ്പരം വൈദികരും, ഇരുപതു ലക്ഷത്തോളം ജനങ്ങളും കഴിഞ്ഞ നാലുകൊല്ലങ്ങൾക്കിടയിൽ റഷ്യയിൽ വധിക്കപ്പെട്ടിട്ടുണ്ടു്. മരണ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു് ഒരു കൊല്ലത്തോളം തടവുശിക്ഷ അനുഭവിച്ച ശേഷം പരിശുദ്ധ പിതാവിൻെറ മദ്ധ്യസ്ഥതയാൽ വിമുക്തനായ മോൺസിഞ്ഞോർ സീപ്ലാക്ക മെത്രാപ്പോലീത്തായുടെ അനുഭവങ്ങളും മറ്റും ഏവക്കും അറിയപ്പെട്ടിട്ടുള്ളതാണല്ലോ. ഈ വിധ സ്ഥിതിഗതികളെല്ലാം ഭേദപ്പെട്ടു് റഷ്യാരാജ്യം ഇനിയെങ്കിലും ദൈവാനുഗ്രഹത്തിനു പാത്രീഭവിക്കുന്നതിനു് പ്രതിദിവസം നാം പ്രത്യേകം പ്രാത്ഥിക്കണമെന്നാണു് മാപ്പാപ്പാതിരുമനസ്സുകൊണ്ടു് ഈ മാസത്തിൽ ആഗ്രഹിക്കുന്നതു്. 11 കോടിയോളം വരുന്ന ഗ്രീക്കു ശീശ്മക്കാരിൽ ഭൂരിപക്ഷവും റഷ്യയിൽ തന്നേയാകയാൽ റഷ്യാ മനസ്സുതിരിഞ്ഞാൽ ഗ്രീക്കു ശീശ്മയും അവസാനിച്ചതുപോലെയായിരിക്കും എന്നുള്ളതും തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ വിശേഷ വിധിയായി ഓത്തിരിക്കേണ്ടതാണു്.

# ഒരു സന്യാസ വൈദികന്റെ നിര്യാണം.

വലിയ അപ്രേമച്ചൻ എന്ന പേരാൽ സാധാരണയായി അറിയപ്പെടുന്ന തിരുഹൃദ:-മരിയ അപ്രേമച്ചൻ ൧൯൨൮ ജൂലായി ൨൬-ാംനു- തന്റെ ൭൯-ാമത്തെ വയസ്സിൽ പുളിങ്കുന്നു കൊവേന്തയിൽവെച്ചു നിര്യാതനായ വിവരം ദുഃഖസമേതം അറിവിച്ചുകൊള്ളുന്നു.

ഈ വന്ദ്യവൈദികൻ മുട്ടാർ ഇടവകയിൽ പ്രസിദ്ധ കുഡുംബമായ ശ്രാമ്പിക്കലായ കുടകുത്തിഭവനത്തിൽ ൧൮൪൯ ധനു ൨൪-ാംനു- ജാതനായി. പതിനൊന്നു വയസ്സു പൂൎത്തിയാകാത്ത ശൈശവപ്രായത്തിൽ തന്നെ ക. നി. മൃ. സഭയിൽ ചേൎന്നു. ൧൮൭൪ തുലാം ൨൪-ൽ കുൎബാന പട്ടമേററു.

ഇദ്ദേഹം ആദ്യംമുതൽ അവസാനം വരെ ഒരുവിധ രോഗിയുടെ നിലയിൽ ജീവിതം നയിച്ചു എങ്കിലും, ആത്മാവിൽ ധീരനും അതിസ്ഥിരോത്സാഹിയും ആയിരുന്നു. ഈ അസാധാരണ ആത്മശക്തിയെ ദൈവസ്തുതിക്കായും ആത്മരക്ഷക്കായുമുള്ള പലവിധ വേലകളിലും, പ്രത്യേകം വി. കുൎബാനയുടേയും അമലോത്ഭവ ദൈവജനനിയുടേയും ഭക്തിപ്രചരണാൎത്ഥം വിവിധ പരിശ്രമങ്ങളിലും വിനിയോഗിച്ചുവന്നു. പുളിങ്കുന്നു കൊവേന്തപ്പള്ളിയോടുചേൎന്നു ആയിരത്തിൽപരം രൂപ ചെലവു ചെയ്തു പണിയിച്ചിട്ടുള്ള വിശിഷ്ട കപ്പേളയും, അതിലെ ഭക്തിവൎദ്ധകങ്ങളായ അലങ്കാരങ്ങളും, ഈ ദേവാലയത്തിൽ ആണ്ടുതോറും ഏററം ആഘോഷപൂൎവ്വം കൊണ്ടാടിവരുന്ന വി. കുൎബാനയുടെ തിരുനാളും, ഇതിനേത്തുടൎന്നു എട്ടു ദിവസത്തേക്കുള്ള വി. കുൎബാനയുടെ ആരാധനയും, വി. കുൎബാനയുടേയും അമലോത്ഭവമാതാവിന്റേയും നേരെ ഇദ്ദേഹത്തിനുണ്ടായിരുന്ന ഭക്തിയുടെ വിശിഷ്ടഫലങ്ങളാകുന്നു. ദൈവരാജ്യത്തിന്റെ വൎദ്ധനവിലേക്കു ഉത്തമ വൈദികന്മാർ ഉണ്ടാകുന്നതു അത്യന്താപേക്ഷിതമാകയാലും വൈദിക വിദ്യാൎത്ഥികളുടെ വിളനിലം നല്ല പള്ളിക്കൂടങ്ങളും ബോർഡിങ്ങുകളും ആകയാലും, കൊവേന്തയോടു സമീപിച്ചു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിനും അവിടെ കുട്ടികളെ ദൈവഭക്തിയിലും സന്മാൎഗ്ഗത്തിലും വളൎത്തുന്നതിലും ഇദ്ദേഹം അത്യന്തം പരിശ്രമിച്ചുവന്നു. ഇദ്ദേഹത്തിന്റെ ഉത്സാഹഫലങ്ങളായി അനേകർ വൈദിക സന്യാസ വൃത്തിയിൽ ഇപ്പോൾ പരിശോഭിക്കുന്നുണ്ടു്.

ഇദ്ദേഹത്തിന്റെ മൃതശരീരം പുളിങ്കുന്നിലെ അസാധാരണമായ വെള്ളപ്പൊക്കം നിമിത്തം ചെത്തിപ്പുഴ കൊവേന്തയിലേക്കു കൊണ്ടുപോകപ്പെടുകയും, വി. പ്രൻസീസ്സ്കോസിന്റെ കപ്പേളയിൽ ഏററം ആഘോഷപൂൎവ്വം സംസ്കരിക്കപ്പെടുകയും ചെയ്തു. സംസ്കാര ശുശ്രൂഷയിൽ നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചനും, വികാരി ജനറാൾ മോൺസിഞ്ഞോർ കല്ലറയ്ക്കൽ യാക്കോച്ചൻ അവർകളും, എഴുപതിൽ പരം മററു വൈദികന്മാരും, കൎമ്മലീത്താ ക്ലാര ആരാധന എന്നീ സഭയിൽപ്പെട്ട 30-ൽ പരം കന്യാസ്ത്രീകളും, മുട്ടാർ പുതുക്കരി എന്ന പള്ളികളിലേ ദശ്നങ്ങളും അനവധിജനങ്ങളും സംബന്ധിക്കയുണ്ടായി. ഒട്ടേറെ സാധുക്കൾക്കു അന്നേദിവസം അദ്ദേഹത്തിന്റെ ബന്ധുമിത്രങ്ങളുടെ വകയായി ധൎമ്മം നൽകപ്പെട്ടു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമായിരിക്കുന്നു. ഇദ്ദേഹത്തിന്റെ ആത്മാനുകൂലാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

R. I. P.

# പുതിയ പ്രസിദ്ധീകരണങ്ങൾ.

1. വെള്ളപ്പൊക്കം.

മുകളയിൽ ജോസഫ് വാദ്ധ്യാർ വീണ്ടർ.

വില ചക്രം ൨.

കുസുമത്തിലെ യുവകവിക്കളരിയിൽ തുടർച്ചയായി അഭ്യസനം നടത്തിയിട്ടുള്ള ഉത്സാഹശീലനായ ഒരു കത്തോലിക്കയുവാവാണ് മിസ്റ്റർ ജോസഫ് വാദ്ധ്യാർ. ഇക്കഴിഞ്ഞ വെള്ള

പ്പൊക്കത്തേപ്പാററി പല വൃത്തങ്ങളിലായി അദ്ദേഹം രചിച്ച് കോട്ടയം കത്തോലിക്കാ മിഷ്യൻ പ്രസ്സിൽ അടിപ്പിച്ചിട്ടുള്ള ഈ ചെറുപുസ്തകത്തിൽ അദ്ദേഹത്തിൻെറ കവിതാവാസന ഏറക്കുറെ ആദ്യന്തം പ്രത്യക്ഷപ്പെടുന്നുണ്ട്. ജനസാമാന്യം ഇദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

### 2. സമുദായമാതൃവിലാപം.

ടി. കെ. വക്കി ചേർത്തല.
വില ചക്രം രണ്ടര.

'കർമ്മെലകുസുമ'ത്തിൻെറ യുവകവിപംക്തിയിൽ അദ്വിതീയ സ്ഥാനത്തു പലപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുള്ള ഈ യുവഗ്രന്ഥകാരനെ 'കുസുമ'വായനക്കാൎക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ചമ്പക്കുളം കത്തോലിക്കാ യുവജനസമാജത്തിൻെറ കഴിഞ്ഞ വാൎഷികയോഗത്തിൽ അദ്ദേഹം എഴുതിവായിച്ച ഒരു ചെറിയ പദ്യപ്രബന്ധമാണ് പുസ്തകരൂപേണ ഇപ്പോൾ ജനതാസമക്ഷം അവതരിപ്പിച്ചിരിക്കുന്നത്. മിസ്റ്റർ വക്കിയുടെ കവിതാവാസനയും, ഭാഷാവ്യുല്പത്തിയും, സമുദായാഭിമാനവും ഈ പുസ്തകത്തിൻെറ ഇരുപത്തിരണ്ടു പക്ഷങ്ങളിൽ ഓരോന്നിലും സവിശേഷം പ്രതിബിംബിച്ചു കാണുന്നുണ്ടെന്നു അന്യത്ര ഞങ്ങൾ ഉദ്ധരിച്ചിട്ടുള്ള 'വിലാപ'ഭാഗം കൊണ്ടു് ആൎക്കും ബോദ്ധ്യപ്പെടുന്നതാണ്. കേരളീയ കത്തോലിക്കാ സമുദായ മാതാവിൻെറ ഈദൃശ വിലാപങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കുന്നതിന്നു സമുദായപ്രണയികൾ ശ്രമിക്കുന്നപക്ഷം ഗ്രന്ഥകാരൻ കൃതാൎത്ഥനായി.

### 3. ഹിന്തുമതം.

കോൺവേർഷ്യൻലീഗ്.
പുത്തൻപള്ളി സെമിനാരി വരാപ്പുഴ.

ഹിന്തുമതത്തേ ശാസ്ത്രീയമായി പരിശോധിക്കുന്നതിനാണ് ലീഗ് പ്രവൎത്തകന്മാർ ഇപ്പോൾ ആരംഭിച്ചിരിക്കുന്നതു്. അതിലേക്കു ഹിന്തുമതം സാക്ഷാൽ ഒരു മതമാണോ എന്നു ഇത്തവണത്തെ ലഘുലേഖവഴിയായി നിരീക്ഷണംചെയ്തിരിക്കുന്നു. യഥാൎത്ഥമതത്തിൻെറ ലക്ഷണങ്ങളെ പരിഗണിച്ചശേഷം, ഹിന്തുമതസ്ഥന്മാരായ പണ്ഡിതാഗ്രേസരന്മാരുടെ സാക്ഷ്യങ്ങളേക്കൊണ്ടുതന്നെ പ്രസ്തുത ലക്ഷ്യങ്ങൾ ഹിന്തുമതത്തിൽ കാണ്മാനില്ലെന്നു യുക്തിയുക്തമായി ഇതിൽ സ്ഥാപിച്ചിട്ടുണ്ടു്.

## വൎത്തമാനസംഗ്രഹം.

### കേരളം.

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു് തിരുമനസ്സിലേ പടിയേററം ആഗസ്റ്റ് ൨൦-ാംനു ബുധനാഴ്ച ആഘോഷപൂൎവ്വം നടത്തിയിരിക്കുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാൎക്കു ശ്രീപത്മനാഭദാസൻ എന്നനാമം ഈ കൎമ്മം കഴിയുമ്പോഴാണ് സിദ്ധിക്കുന്നതു്.

മഹാരാജാവു തിരുമനസ്സിലേയും രാജപ്രതിനിധിയായി സേതുലക്ഷ്മീഭായി മഹാരാജ്ഞി തിരുമനസ്സിലേയും സ്ഥാനാരോഹണം സെപ്തമ്പർ ൰ാംനു-തിങ്കളാഴ്ച നടക്കുന്നതും അന്നേദിവസം സംസ്ഥാനം ഒട്ടുക്കു് ഒഴിവുദിവസമായിരിക്കുന്നതുമാണ്.

സ്ഥാനാരോഹണദിവസം പതിവുപോലെ സെൻട്രൽ ജയിലിൽ നിന്നു ൩൦ തടവുപുള്ളികളെ വിലങ്ങുവെട്ടി വിടുന്നതാണ്.

ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു നാടുനീങ്ങിയ മഹാരാജാവിനുണ്ടായിരുന്നതു പോലെ 12 അശ്വഭടന്മാരേയും, 21 ആചാരവെടിയും അനുവദിച്ചിരിക്കുന്നു.

ദിവാൻ മിസ്റ്റർ രാഘവയ്യായുടെ ഉദ്യോഗകാലാവധി ഒരു കൊല്ലത്തേയ്ക്കു കൂടി നീട്ടണമെന്നും സർവ്വാധികാര്യക്കാരനായി മിസ്റ്റർ ആർ കൃഷ്ണപിള്ളയേ കൂടുതൽ ശമ്പളത്തിൽ വച്ചുകൊള്ളണമെന്നും നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സുകൊണ്ടു് തൃക്കൈവിളയാട്ടം ചെയ്തു മുദ്രവച്ചിരുന്ന ഒരെഴുത്തുള്ളതായി ശ്രുതി പരന്നിരിക്കുന്നു.

മഹാരാജാവു തിരുമനസ്സിലേ രോഗം അപകടസ്ഥിതിയിലായിട്ടും അതു ഗോപ്യമായി വെച്ചുകൊണ്ടിരുന്നതിനുള്ള ഹേതു എന്താണെന്നു് തിരുവിതാംകൂർ ഗവർമ്മേൻറിനോടു സാമ്റാജ്യ ഗവർമ്മേൻറു ചോദിച്ചിട്ടുള്ളതായി കേൾക്കുന്നു

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു് നാടുനീങ്ങിയതു പ്രമാണിച്ചു കൊച്ചീസംസ്ഥാനത്തു ഒരു ദിവസത്തേയ്ക്കു പബ്ളിക്ക് ഒഴിവുദിനമായി ആചരിച്ചിരിക്കുന്നു.

തൃശ്ശൂർ സെൻറുതോമസ്സ് കോളേജു അടുത്ത സ്കൂൾ വർഷാരംഭത്തോടുകൂടി ഒന്നാം ഗ്രെയിഡ് കോളേജാകുന്നതിനു വേണ്ട അനുമതി സിദ്ധിച്ചിരിക്കുന്നതായി കേൾക്കുന്നു എറണാകുളം കോളേജ് ഒന്നാം ഗ്രെയിഡാക്കുന്നതിനു കൊച്ചിഗവർമ്മേൻറും ആലോചന നടത്തിവരുന്നുണ്ടു്

ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് രാജ്യഭാരം കയ്യേററപ്പോൾ തിരുവിതാംകൂറിലെ മുതലെടുപ്പു ആണ്ടിൽ 66 ലക്ഷം രൂപാ ആയിരുന്നതു് ഇപ്പോൾ രണ്ടുകോടിയായി വർദ്ധിച്ചിട്ടുണ്ടു് അന്നു് 900 വിദ്യാലയങ്ങളും 54000 വിദ്യാർത്ഥികളുമുണ്ടായിരുന്ന ഈ രാജ്യത്തു് ഇന്നു 4077 വിദ്യാലയങ്ങളും മൂന്നര ലക്ഷത്തിൽപ്പരം വിദ്യാർത്ഥികളുമുള്ളതായി കാണുന്നു.

കൊച്ചിമഹാരാജാവു തിരുമനസ്സിലേ ആലസ്യത്തിനു ഇനിയും പറയത്തക്ക കുറവൊന്നുമില്ലെന്നാണറിയുന്നതു്.

## ഇൻഡ്യാ.

മംഗലപുരം സെൻറ്. അലോഷ്യസ് കോളജ്ജ് വിദ്യാർത്ഥികൾ വെള്ളപ്പൊക്കത്താൽ നിരാശ്രയരായിത്തീർന്നിട്ടുള്ള ജനങ്ങൾക്കായി ആയിരത്തി ഒരുനൂറു രൂപായോളം പിരിച്ചെടുത്തു തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന സ്ഥലങ്ങളിലേക്കു അയച്ചുകൊടുത്തിരിക്കുന്നതായറിയുന്നതിൽ അവരെ അഭിനന്ദിച്ചുകൊള്ളുന്നു.

കൽക്കട്ടാ മെത്രാപ്പോലീത്തായുടെ വികാരി ജനറാളായി ഏതദ്ദേശീയനായ മൊൺസിഞ്ഞോർ ജെ. ഫർനാണ്ടസ് അവർകളെ നിയമിച്ചിരിക്കുന്നു.

ഒക്ടോബർ ൧-ാംനു- മുതൽ എട്ടണനിക്കൽ നാണയങ്ങൾ നിറുത്തലാക്കിയിരിക്കുന്നതായി ഇൻഡ്യാ ഗവർമ്മേണ്ടു വിജ്ഞാപനം ചെയ്തിരിക്കുന്നു.

മൈലാപ്പൂർ മെത്രാനച്ചൻ തിരുമനസ്സിലെ ഗുരുപ്പട്ടരജതജൂബിലി ആഗസ്റ്റ്മാസം 17-ാം നു- ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു.

കല്ക്കട്ടാപട്ടണത്തിലും പരിതസ്ഥലങ്ങളിലും കൂടി 31 പ്രതിദിനപത്രങ്ങളും 3 ത്രൈവാരികകളും, 70 പ്രതിവാരികകളും, 177 മാസികകളും ഉള്ളതായിക്കാണുന്നു.

## ഇററലി.

വിസിററർ അപ്പോസ്തോലിക്കാ തിരുമനസ്സുകൊണ്ടു കന്നി 1-നു- ഇൻഡ്യയിലേക്കു പുറപ്പെട്ടുമെന്നറിയുന്നു.

വത്തിക്കാൻ പ്രദർശനം അടുത്ത ഡിസംബർ ൨൩-നു- ആരംഭിക്കുന്നതാണു്. പ്രദർശനകമ്മിററിക്കാർ തത്സംബന്ധമായ രണ്ടാമത്തെ ബുള്ളററിൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഇൻഡ്യയിൽ നിന്നുള്ള പ്രദർശനസാമാനങ്ങൾ കൂലികൂടാതെകൊണ്ടുപോകുന്നതിനു ഇൻറർനാഷ്യനൽ കപ്പൽകമ്പനിക്കാർ ഏർപ്പാടു ചെയ്തിട്ടുള്ളതായിക്കാണുന്നു.

കേരളീയ രൂപതകളിൽ നിന്നുള്ള സാമാനങ്ങൾ ഇതിനകം അയച്ചു കഴിഞ്ഞതായിട്ടാണറിയുന്നതു്. ഇവിടെനിന്നു സാമാനങ്ങളോടൊന്നിച്ചു വല്ലവരേയും അയക്കുന്നതിനും ആലോചനയുള്ളതായി കേൾക്കുന്നതിൽ സന്തോഷിക്കുന്നു.

# മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കേണ്ടതാണ്.

പബ്ളിക്കറോഡിൽവച്ചു നഷ്ടപ്പെട്ട ഒരു താക്കോൽക്കൂട്ടം കൈനകരി മാർ അന്തോനീസിന്റെ സഹായത്താൽ കണ്ടുകിട്ടിയിരിക്കുന്നതിനുപകാരസ്മരണ. ജേ. കെ. കൈനകരി.

ചെങ്ങളത്തു മാർ അന്തോനീസിന്റെ മദ്ധ്യസ്ഥതയാൽ എന്റെ പല ഉദ്ദേശങ്ങളും നിവൃത്തിച്ചതിനു ഉപകാരസ്മരണ.

റ്റി. ജേ. മണിമല.

മറയനായ ഞാൻ പത്താംക്ലാസിൽ പാസ്സായതിൽ പഴയൂർ അന്തോനീസു പുണ്യവാനു കുസുമംവഴി കൃതജ്ഞതാസ്തോത്രം ചെയ്യുന്നു. ടി. എം. എ. കാരാഞ്ചിറ.

കുസുമത്തിൽ പ്രസിദ്ധപ്പെടുത്താമെന്നു നേൎന്നതിന്റെ ഫലമായി ഞാൻ ഉദ്ദേശിച്ച ഒരു കാൎയ്യം മിക്കവാറും സാധിച്ചിരിക്കുന്നു. അതു മുഴുവനാകുന്നതിനു കുസുമവായനക്കാർ പ്രാൎത്ഥിപ്പാനപേക്ഷ. സി. പി. ചിററാട്ടുർ.

ചെങ്ങളത്തു മാർ അന്തോനീസിന്റെ സഹായത്താൽ പരീക്ഷയിൽ വിജയം പ്രാപിച്ചിരിക്കുന്നു. എം. റ്റി. എസ്. കോട്ടയം.

ഈശോയുടെ തിരുഹൃദയത്തിന്റെയും, മാർ അന്തോനീസിന്റെയും സഹായത്താൽ ഒരു കേസു ഗുണമായിത്തീൎന്നതിനും, എന്റെ ഭാൎയ്യയുടെ പ്രസവം അപകടംകൂടാതെ നടന്നതിനും ഉപകാരസ്മരണ.

വി. കെ. കെ. പോത്താനിക്കാട്ട്.

അമലോത്ഭവമാതാവിന്റെ മദ്ധ്യസ്ഥതയാൽ ഒരത്യാപത്തു നീങ്ങിക്കിട്ടിയതിന്നു ഉപകാരസ്മരണ. എൻ. ജേ. സി. തൊടുപുഴ.

# ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

കോട്ടയം നല്ല ഇടയന്റെ പള്ളി വികാരി വെറി റവ. ഫാദർ സെറാഫ്യോൻ സി. ഡി. അവർകൾ ജൂലയി ൨൧-ാംനു തിങ്കളാഴ്ച.

പുതുക്കാട്ടുപള്ളി വികാരി എളങ്കുന്നപ്പുഴ ബ. പ്രംസീസ്സോസച്ചന്റെ പിതാവു് അവിരാ അന്തോനി അവർകൾ ജൂൺ ൨൪-ാംനു ൭൨ വയസ്സ്.

വാഴക്കുളം ഇടവക പടിഞ്ഞാറേ മക്കോളിൽ ചാക്കോ കുരുവിള ജൂലയി ൪ ാംനു ൬൦ വയസ്സ്.

ആലപ്പുഴ മാൎസ്ലീവാപ്പള്ളി ഇടവക വണ്ടകത്തിൽ ശ്രീമതി ചെറിയാൻ അന്നമ്മ ജൂലയി ൩-ാംനു ൩൨ വയസ്സ്.

ചേപ്പുങ്കൽപള്ളി ഇടവക കലയക്കാട്ടിൽ ബ. തോമ്മാച്ചന്റെ ഇളയമ്മ ശ്രീമതി അന്നാമ്മ ജൂലയി ൩-ാംനു ൭൨ വയസ്സ്.

പള്ളിശ്ശേരി ഇടവക നിലയാററുങ്കൽ അന്തോനി അവർകൾ ജൂലയി ൧൦-ാംനു ൭൦ വയസ്സ്.

പൂഞ്ഞാറിടവക കിഴക്കേത്തോട്ടത്തിൽ ശ്രീമതി മറിയാമ്മ ആഗസ്ററ ൨-ാംനു ൨൨ വയസ്സ്.

കോട്ടയം വി. ജി. പ്രസ്സ് മാനേജരും, 'അനന്ത ഭാരതി' പ്രവൎത്തകനുമായ മിസ്റ്റർ എം. എം. ജോസഫിന്റെ ഭാൎയ്യ ശ്രീമതി ത്രേസ്യാമ്മ ആഗസ്ററു ൧൬-ാംനു ൪൦ വയസ്സ്.

# സിദ്ധൌഷധക്കുറിപ്പുകൾ.

ഇരട്ടിമധുരം, തിപ്പലി, വെള്ളിലോധ്റം, പതുമുഖം, ചെങ്ങനീർകിഴങ്ങു, ചന്ദനം, താലീസപത്രം, നന്നാറിക്കിഴങ്ങ്. ഇവ കല്ക്കം ചേൎത്തു പശുവിൻനെയ്യ് കാച്ചി സേവിച്ചാൽ കുട്ടികളുടെ മെലിവുനീങ്ങും.

കറുക, ചിററമൃതു, ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ എണ്ണയും വീഴ്ത്തി, ഇരട്ടിമധുരം, രാമച്ചം, ചന്ദനം, ഇരുവേലി ഇവ കല്ക്കം ചേൎത്തു കാച്ചിയരിച്ചു തേച്ചാൽ കുട്ടികളുടെ കരപ്പൻ ശമിക്കും.

---

# കന്നിമാസത്തിലേക്കുള്ള പുസ്തകങ്ങൾ.

വ്യാകുലമാതാവിന്റെ വണക്കമാസം. — വില 12 അണ.

ദൈവജനനിയുടെ വ്യാകുലപ്പാഠം. — വില ൬ അണ.

സൂപ്രണ്ട്, സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൭. ൦.　　൧൧൦൦　　എപ്പകത്തി ൨൪.

## ൧൯൨൪ സെപ്റ്റംബർ — ൧൧൦൦ ചിങ്ങം — കന്നി.

കന്നിമാസം മുഴുവൻ മാതാവിന്റെ വ്യാകുലതകളെക്കുറിച്ച് അംഗീകരിക്കപ്പെട്ട യാതൊരു പുസ്തകം വായിച്ചു ഭക്തിപൂർവ്വം കഴിക്കുന്നവർക്കു പ്രതിദിനം ൩൦൦ ദി. ദ. വി. അവസാനദിവസത്തിലോ അതിനെ തുടർന്നുവരുന്ന എട്ടുദിവസങ്ങളിൽ എന്നെങ്കിലുമോ പൂർണ്ണദ. വി.

| | | | | |
|---|---|---|---|---|
| 1 | 17 | തി | മൌ. എജിദീസ്. ന. ആ. കു. വെ. | വെ. |
| 2 | 18 | ചൊ | † മൌ. എസ്തപ്പാൻ രാജാ. ന. ആ. കു. വെ. | വെ. |
| 3 | 19 | ബു | വേദസാ. ഫെലിക്സ്സും കൂട്ടരും ന. ആ. കു വെ. | ച്യു. |
| 4 | 20 | വ്യാ | † മൌ. അപ്രസ്തുത റൈമുന്തു ന ആ. കു. വെ. (ആഗ. ൩൧) | വെ. |
| 5 | 21 | വെ | † അ. ലൌറൻസ് ന ആ. കു. വെ. | വെ. |
| 6 | 22 | ശ | † മൌ. യൌസേപ്പു കലസന്തു. ന ആ. കു വെ. (ആഗ ൨൬) | വെ. |
| 7 | 2. | ഞാ | ✠ പന്ത. ൧൩-ാം ഞാ. ന. കു. ആ　. ൧൨ . ൯ . ൨ | പ. |
| 8 | 24 | തി | ✠ പ. ക. മറിയ. പിറവി. ന. കു. വെ. | വെ. |
| | | | പരിശുദ്ധ കന്യക മറിയത്തിന്റെ പിറവി. കുടമാളൂർ, ളാലം, നാഗപ്പുഴ, പുളിങ്കുന്നു, കുറവിലങ്ങാട്ടു, കടുത്തുരുത്തി, കാഞ്ഞിരപ്പള്ളി പഴയപള്ളി. | |
| 9 | 25 | ചൊ | വേദസാ ഗോർഗൊ ന. ആ. കു വെ. | ച്യു. |
| 10 | 26 | ബു | മൌ നിക്കൊലാവോസ്. ന. ആ. കു വെ. | വെ. |
| 11 | 27 | വ്യാ | വേദസാ. പ്രൊത്തൂസും കൂട്ട ന. ആ. കു. വെ. | ച്യു. |
| 12 | 28 | വെ | † പ. ക. മ. തിരുനാമം. ന ആ. കു. വെ　✳ ൦൧ | വെ. |
| 13 | 29 | ശ | † മൌ പീലിപ്പു. ബെനീത്തി. ന. ആ. കു. വെ. | വെ. |
| 14 | 30 | ഞാ | ✠ പന്ത. ൧൪. (✠) കുരി. പുകഴ്ച. ന ആ കു. വെ.　. ൨൧ ൨ . ൩ | ച്യു. |
| | | | മാർസ്ലീവാ തിരുനാൾ ചേപ്പുങ്കൽ, ആലപ്പുഴ. | |
| 15 ◐ | 31 | തി | പ. ക. മ. പിറവി. എട്ടാം. ന. ആ. കു. വെ. | വെ. |
| 16 | 1 | ചൊ | വേദസാ. കൊർണ്ണേലിസും കൂട്ട. ന. ആ കു. വെ. | ച്യു. |
| 17 | 2 | ബു | † മൌ അഞ്ചുകായംപ്രാൻസീസ്. ന. ആ. കു. വെ (ഇ. വി.) | വെ. |
| 18 | 3 | വ്യാ | † മൌ. യൌസേപ്പു കൊപ്പർ. ന. ആ കു. വെ. | വെ. |
| 19 | 4 | വെ | അ യനുവാരി വേദസാ. കൂട്ടരും. ന. ആ. കു. വെ. | ച്യു. |
| 20 | 5 | ശ | ശ്ലീഹാ. മത്തായി തപേനാ. ന. ആ. കു. ര. | റോ. |
| | | | അമലോത്ഭവതിരുനാളിനുമുമ്പുള്ള ൧൨ ശനിയാഴ്ചഭക്തി ഇന്നു തുടങ്ങുന്നു. | |
| 21 | 6 | ഞാ | ✠ പന്ത ൧൫-ാം (✠) മത്തായിശ്ലീ. ന. കു. വെ　. ൧൨ . ൩ ൨ | ച്യു. |
| 22 | 7 | തി | † ക. മാ. വ്യാകുലം. ന. ആ. കു. വെ　✳ ൦൧ | വെ. |
| 23 | 8 | ചൊ | പാ. വേ. ലീനൊ ന. ആ കു. വെ. | ച്യു. |
| 24 | 9 | ബു | † മനോഗുണമാതാവു ന. ആ. കു. വെ. | വെ. |
| 25 | 10 | വ്യാ | † മൌ. റൊക്കി ന ആ. കു. വെ. | വെ. |
| 26 | 11 | വെ | വേ. സിപ്രിയാനും കൂട്ട ന. ആ. കു. വെ. | ച്യു. |
| | | | ജപമാലത്തിരുനാളിനുമുമ്പുള്ള നവനാൾ ഇന്ന് ആരംഭിക്കുന്നു | |
| 27 | 12 | ശ | വേ. കുസ്മാസും കൂട്ട. ന. ആ. കു. വെ. | ച്യു. |
| 28 | 13 | ഞാ | ✠ പന്ത. ൧൬-ാം ഞാ ന. കു. ആ.　. ൧൨ . ൧ . ൩ | പ. |
| 29 | 14 | തി | (✠) മിഖായേൽമാലാ. പള്ളി. കൂദാ. ന. കു. വെ. | വെ. |
| 30 ● | 15 | ചൊ | പട്ട. മ. ഈറാനീമോസ് ന. ആ. കു. വെ. | വെ. |
| | | | ഇന്നു വാഴ്ത്തപ്പെട്ട കൊച്ചുത്രേസ്യായുടെ മരണദിനം. | |

---

Printed and Published for the Proprietor by P. K. Joseph at
the St Joseph's Press, Mannanam 1924.